# BOOK CATALOGUE

# ബുക്പ്ലസ് കാറ്റലോഗ്

## 2025

BOOK PLUS

CHEMMAD - +91 9562 661133
CALICUT - +91 9562 761133




NEW ARRIVAL!




## പേർഷ്യനേറ്റ് ഇന്ത്യ 1000-1765

**റിച്ചാർഡ് എം. ഈറ്റൺ**

**വിവർത്തനം: കെ.പി മൻസൂർ അലി**

₹ 600/-

11 മുതൽ 18 വരെയുള്ള നൂറ്റാണ്ടുകളിൽ, പേർഷ്യൻ ഭാഷയും സംസ്കാരവും സാഹിത്യവും കലയും ഇന്ത്യയെ നിർവചിച്ചൊരു കാലത്തെ കുറിക്കുന്ന പദമാണ് പേർഷ്യനേറ്റ് ഏജ്. അമേരിക്കൻ ചരിത്രപണ്ഡിതനായ റിച്ചാർഡ് എം. ഈറ്റണിന്റെ ഏറ്റവും ശ്രദ്ധേയമായ പഠനം. ഈ പുസ്തകത്തിൽ ഈറ്റൺ നടത്തുന്നത് അക്ഷരാർഥത്തിൽ ഒരു തിരുത്താണ്. അക്ബറിന്റെയും ഔറംഗസീബിന്റെയും അരനൂറ്റാണ്ട് നീണ്ട ഭരണങ്ങൾ ഇന്ത്യയെ ആധുനികതയിലേക്ക് വഴി നടത്തിയെന്ന് ഈറ്റൺ അടിവരയിടുന്നു. ഒപ്പം, പേർഷ്യനേറ്റ് ഭരണം നിലനിന്നപ്പോൾ ഇന്ത്യ കലയിലും സംസ്കാരത്തിലും മുതൽ സാങ്കേതിക രംഗത്തുവരെ ലോകത്തെ കൊതിപ്പിച്ചുനിർത്തിയെന്നും പുസ്തകം പരിചയപ്പെടുത്തുന്നു. സമീപകാലത്ത്, മധ്യകാല ഇന്ത്യയെ ഇത്ര മനോഹരമായി പകർത്തിയ ഒരു ഗ്രന്ഥവും ഇല്ലത്രെ.

## കുടുംബിനികൾക്ക് സ്തുതി

**മഹ്മൂദ് ശുക്കൈർ**

**വിവ. എസ്.എ ഖുദ്സി**

₹ 320/-

അധിനിവേശ ഭീകരത കാരണം പലയിടങ്ങളിലേക്ക് പറിച്ചുനടേണ്ടിവന്ന അറബ് ഗോത്രജീവിതത്തിന്റെ കഥ. പാരമ്പര്യവും ആധുനികതയും തമ്മിൽ സംഘർഷത്തിലേർപ്പെടുന്ന ഗ്രാമീണ ജീവിതം, ജിന്നുകളും മരിച്ചവരുടെ ആത്മാക്കളും കയറിയിറങ്ങുന്ന വീടുകൾ, ജന്മനാട്ടിലേക്ക് തിരിച്ചുപോകാനുള്ള മോഹവുമായി ദിവസങ്ങൾ തള്ളി നീക്കുന്ന കഥാപാത്രങ്ങൾ, സ്ത്രീകൾ അനുഭവിക്കുന്ന സംഘർഷങ്ങളും അവരുടെ അതിജീവന ശ്രമങ്ങളും, ഭാര്യമാരും മക്കളും പേരമക്കളുമായി അനേകം അംഗങ്ങളുള്ള മന്നാൻ മുഹമ്മദ് അബ്ദുല്ലാത്തിന്റെ വീട്ടകത്തെ ബഹളങ്ങൾ, അധികാരത്തിനു വേണ്ടിയുള്ള വടംവലികൾ, എല്ലാത്തിനുമിടയിൽ തീപിടിക്കുന്ന പ്രണയങ്ങൾ. ഫലസ്തീൻ ഗോത്രജീവിതത്തിന്റെ മേന്മയും സ്ത്രീകളുടെ ശക്തിയും ഉജ്ജ്വലമായി അവതരിപ്പിക്കുന്ന നോവൽ. 2016 ലെ അറബ് ബുക്കർ പ്രൈസിന് ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ട കൃതിയുടെ വിവർത്തനം.




NEW ARRIVAL!




## അനന്തപ്രകാശം

### ഫത്ഹുല്ല ഗുലൻ

**വിവ. ഖിള്ർ പി.ടി**

₹ 550/-

മുഹമ്മദ് നബി എന്ന സമ്പൂർണ മനുഷ്യൻ (അൽഇൻസാനുൽ കാമിൽ) ഹൃദ്യമായി വെളിപ്പെടുന്ന പുസ്തകം. സമ്പൂർണതയുടെ ആശയവൈപുല്യവും അത് പ്രവാചകന് അലങ്കാരമായി പതിച്ചുനൽകപ്പെട്ട മുദ്രയല്ലെന്നും ഗഹനമായി വിശകലനം ചെയ്യുന്നു. പ്രപഞ്ചമെന്ന മഹാഗ്രന്ഥം തുറന്നുവെച്ച് ആർക്കും വശ്യമെന്നു തോന്നുന്ന ശൈലിയിൽ പ്രബോധനം ചെയ്ത, ലോകജനതയെ മറ്റാരേക്കാളുമധികം ആഴത്തിൽ സ്വാധീനിച്ച മാതൃകാ പുരുഷനെ അനാവരണം ചെയ്യുന്നു.
ആധുനിക മുസ്‌ലിം പണ്ഡിതരിൽ പ്രമുഖനും വിദ്യാഭ്യാസവിചക്ഷണനുമായ ഫത്ഹുല്ല ഗുലന്റെ മുഖ്യ രചനയായി വിലയിരുത്തപ്പെടുന്ന 'മുഹമ്മദ് ദ ഇൻഫിനിറ്റ് ലൈറ്റ്' എന്ന മുപ്പതിലധികം ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട കൃതിയുടെ മലയാള പതിപ്പ്.

## സ്പാർട്ടൻ കോർട്ട്

### അബ്ദുൽ വഹാബ് ഈസവി

**വിവ. അലി അഹ്മദ്, അഹ്സൻ പുല്ലൂർ**

₹ 530/-

1833 ഏപ്രിൽ മാസത്തിൽ മെർസിലിയാ തുറമുഖത്തേക്ക് ഒരു കപ്പലെത്തുന്നു. ഫ്രാൻസിലെ ഫാക്ടറികളിലേക് പഞ്ചസാര റിഫൈൻ ചെയ്തെടുക്കാനുള്ള എല്ലുകളാണ് കപ്പൽ നിറയെ. അതു മണത്തറി ഞ്ഞ് ജനങ്ങളെല്ലാം തുറമുഖത്തുണ്ട്. പത്രപ്രവർത്തകരും ഡോക്ടർ മാരുമുണ്ട്. അന്തരീക്ഷത്തിന് ഭീകരമായൊരു മൗനമുണ്ട്. കാരണം, ഫ്രഞ്ച് പട്ടാളം അൽജീരിയയിൽ കൊന്നൊടുക്കിയ പൗരന്മാരുടെ എല്ലുനുറുങ്ങുകളാണ് ജോസഫേനെന്ന ആ കപ്പലിലുള്ളത്. ഫ്രഞ്ച് ഭരണകൂടം ഒട്ടോമൻ അൽജീരിയിൽ നടത്തിയ കിരാത അധിനിവേ ശവും അതിനെതിരെയുള്ള അവരുടെ ചെറുത്തുനിൽപ്പും പറയുന്ന ആഖ്യാനമാണ് ഈ നോവൽ. അധിനിവേശം ഒരു നാടിനെയും ജനതയെയും അവരുടെ സാംസ്കാരിക പൈതൃകത്തെയും ഇല്ലാതാക്കിക്കളയുന്നത് എങ്ങനെയെല്ലാമാണെന്ന് കഥാകാരൻ ചേതോഹരമായി ആവിഷ്കരിക്കുന്നു.







## സുൽത്താന്മാരുടെ ഡൽഹി സൂഫികളുടെ പ്രജകൾ

### മുഹമ്മദ് ഷമീർ കൈപങ്ങര

₹ 240/-

എ.ഡി 1206 മുതൽ 1526 വരെ ഇന്ത്യ ഭരിച്ച ഡൽഹി സുൽത്താനേറ്റിലെ അഞ്ച് രാജവംശങ്ങളുടെയും ആ കാലഘട്ടത്തെ പലതരത്തിൽ സ്വധീനിച്ച സൂഫികളുടെയും ഹൃദ്യവും ലളിതവുമായ വിവരണം. മധ്യകാല ഡൽഹിയുടെ രാഷ്ട്രീയ പശ്ചാത്തലത്തിലൂടെ അന്നത്തെ ഇന്ത്യൻ സമൂഹത്തെ നിരീക്ഷിക്കുന്ന കൃതി, പരമ്പരാഗതമായി പ്രചാരംനേടിയ ചരിത്രധാരണകളെ വസ്തുതകളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധനക്കു വിധേയമാക്കുന്നു. മധ്യകാല രചനകൾ മാത്രം സ്രോതസ്സുകളായി സ്വീകരിച്ച്, സാധാരണ ചരിത്രഗ്രന്ഥങ്ങൾ ഉപയോഗിക്കാത്ത ഉപാദാനങ്ങളും കേട്ടുകേൾവിയില്ലാത്ത ചരിത്രസംഭവങ്ങളും പുറത്തുകൊണ്ടുവരുന്നു. വായനക്കാരന്റെ വിമർശനാത്മകചിന്തയെ ഉണർത്താനും ചരിത്രാന്വേഷണത്തിന് പുതിയ വഴികൾ തുറന്നുകൊടുക്കാനും ശേഷിയുള്ള പഠനം.

## ഗസ്സയുടെ മകൾ ആൻ ഫ്രാങ്കിനോട്

### റഫീക്ക് തിരുവള്ളൂര്

₹ 180/-

ആത്മാവിന്റെ വിളി പിന്തുടരുക, നിലനിൽക്കുന്ന അധികാരത്ത കബളിപ്പിച്ച് അതിനോടുള്ള കലഹത്തിന്റെ വിത്തുകൾ ഒളിപ്പിച്ച് കടത്തുക, ഭാഷ എന്ന ഓർമയുടെ തുടർച്ചയോട് സ്വന്തം ഒച്ചയെ, സ്വസമുദായത്തിന്റെ ഒച്ചയെ ചേർക്കുക; ഇതൊക്കെയാണ് കവിതയുടെ ചോദനയെങ്കിൽ റഫീക്കിന്റെ കവിത ശ്രമിക്കുന്നതതിനാണ്. അത് തന്നെയാണതിന്റെ സാധുത.
-അനിത തമ്പി-







NEW ARRIVAL!

## സിരിഗ ഓർക്കസ്ട്ര

### സുഭാഷ് ഒട്ടുംപുറം

₹ 130/-

മണ്ണ്, മനുഷ്യൻ എന്നീ ദ്വന്ദ്വങ്ങളിൽ ബന്ധിക്കപ്പെട്ട കഥകളുടെ സമാഹാരമാണിത്. മണ്ണിനോടും മനുഷ്യരോടുമൊപ്പം കടലും പുഴയും പക്ഷികളും പാട്ടുമെല്ലാം ചേർന്ന് ഈ കഥകളെ സമൃദ്ധമാക്കുന്നു. ഭൂതകാലത്തിന്റെ നെടുവീർപ്പുകളും വർത്തമാനത്തിന്റെ ആശങ്കകളും ഭാവിയെ പറ്റിയുള്ള പ്രത്യാശകളും പങ്കുവെക്കുന്നുണ്ട് കഥാകൃത്ത്. സുഭാഷ് ഒട്ടുംപുറത്തിന്റെ ഏറ്റവും പുതിയ കഥാസമാഹാരം.

## ജാഗ

### എം.ബി മനോജ്

₹ 200/-

ജാഗ; ഉണർന്നിരിക്കേണ്ട ഒരു ഇടം. സമൂഹത്തിലെ ബഹിഷ്കൃതയിടങ്ങളിൽനിന്നും കലാലയങ്ങളിൽ എത്തുന്ന വിദ്യാർഥികൾക്ക് അവരുടെ ലക്ഷ്യം സാക്ഷാത്കരിക്കുവാൻ കഴിയുന്നുണ്ടോ? അവർ നേരിടുന്ന വെല്ലുവിളികൾ കലാലയങ്ങളിലും അവരെ പിന്തുടരുന്നുണ്ട് എന്നു വ്യക്തമാക്കുന്നു, പ്രമേയംകൊണ്ടും രചനകൊണ്ടും ശക്തമായ ഈ നോവൽ.




## ചിതയിലെ സംഗീതം

### ഡോ. ഉമർ തറമേൽ

₹ 220/-

കലയുടെയും മറ്റു സാമൂഹ്യ വ്യവഹാരങ്ങളുടെയും സിദ്ധിസ്വരൂപങ്ങളിൽ ഉത്തേജിതരായ ഏതാനും മനുഷ്യരെയും അവരുടെ കർമപഥങ്ങളെയും കുറിച്ചുള്ള ഓർമയും വിമർശനവുമാണ് ചിതയിലെ സംഗീതം എന്ന കൃതി യുടെ ഉള്ളടക്കം. സാഹിത്യം, രാഷ്ട്രീയം, സംഗീതം, സിനിമ, തിയേറ്റർ, അധ്യാപനം, സാമൂഹിക പ്രവർത്തനം എന്നിങ്ങനെ പലതുറകളിൽ നിന്നുള്ളവർ. ഇപ്പോൾ നമ്മോടൊപ്പമില്ലെങ്കിലും സർഗാത്മക സമൂഹത്തോട് നിതരാം സംവദിക്കുകയും ഇടപെടുകയും ചെയ്തവരാണ് അവർ. മുഖ്യധാരാ നടപ്പുശീലങ്ങൾക്കു മുകളിൽ ഉപസംസ്കാര പാഠങ്ങൾ പ്രതിഷ്ഠിച്ചു കൊണ്ട് പൊതുസമൂഹത്തിൽ ഇടം നേടിയവർ.




## Indian Union Muslim League

Bridging Communities Building Democracy

### Sayyid Sadik Ali Shihab

₹ 200/-

In the heart of India's democratic tapestry lies a story of voices- some loud, some silenced, yet all yearning to be heard. This is the journey of a movement born not merely to exist, but to protect the soul of its people: their faith and culture, their schools and language, their livelihoods and dreams. It tells of a promise- to guard the rights of Muslims and every minority, to uplift the Scheduled Castes, Tribes, and all who live in the shadow of power. And beyond protection, it speaks of bridges built: understanding over suspicion, goodwill over grievance, unity over division. With history as its spine and hope as its heart, this work invites you to witness the Indian Union Muslim League's enduring call- for dignity, harmony, and a shared tomorrow. "Muslim League is a completely secular party. There is nothing non-secular about Muslim League."
- Rahul Gandhi







## മുസ്‌ലിം ലീഗ് ചരിത്രപഥത്തിൽ

### പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ

₹ 250/-

ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെയും അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെയും ദേശീയ ഐക്യം, സാമുദായിക സൗഹാർദം, രാഷ്ട്രീയ സ്വത്വം എന്നിവ ഉയർത്തിപ്പിടിച്ച പാർ ട്ടിയാണ് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്. രാജ്യത്തെ ന്യൂനപക്ഷത്തിന്റെ ഉന്നമനത്തിനും മുസ്ലിംകളുടെ അഭിമാനകരമായ അസ്തിത്വ സംരക്ഷണത്തിനും ലീഗ് സാവേശം പരിശ്രമിക്കുന്നു. മുസ്ലിം സമുദായത്തെ പ്രതിനിധീകരിച്ച് ഇന്ത്യൻ രാഷ്ട്രീയത്തിലെ സുപ്രധാന സാന്നിധ്യമായി മാറിയ പാർട്ടിയുടെ ചരിത്രമാണ് സാദിഖലി ശിഹാബ് തങ്ങൾ ലളിതവും ഹൃദ്യവുമായ ഭാഷയിൽ ഈ പുസ്തകത്തിൽ രേഖപ്പെടുത്തുന്നത്. -അവതാരികയിൽ പ്രൊഫ. കെ.എം ഖാദർ മൊയ്തീൻ സാഹിബ്-

## കളിപ്പാട്ടങ്ങളുടെ രാഷ്ട്രീയം

### ജമാൽ കൊച്ചങ്ങാടി

₹ 140/-

കഥയും തിരക്കഥയും പാട്ടും പഠനവും നാടകവും നോവലുമായി, പലതായി പിരിയുന്ന എഴുത്തുലോകമാണ് ജമാൽ കൊച്ചങ്ങാടിയുടേത്. വക്കാലത്തെടുക്കാൻ വക്താക്കളധികമില്ലാത്തവരുടെ വേദനകൾ അദ്ദേഹം ആവർത്തിച്ച് ആവിഷ്കരിക്കും. വിഷയത്തിന്റെ ഓരോ ഇഴയും അഴിച്ചെടുത്ത് കൗതുകജനകമായ സൂക്ഷ്മതയോടെ പരിശോധിക്കും. സാഹിത്യകൃതികളിലെ ഉചിതമായ ഉദ്ധരണികൾകൊണ്ട് പ്രശ്നത്തിന്റെ ആഴം വ്യക്തമാക്കും. വൈകാരിക തീവ്രത പകരാൻ പാട്ടുശകലങ്ങളും ചേർക്കും. വായനക്കാരനെ വലിച്ചടുപ്പിക്കുന്ന ഭാഷയിൽ പറയാനുള്ളത് വളച്ചുകെട്ടില്ലാതെ പറയും. അത്തരം ചില കുറിപ്പുകളുടെ
സമാഹാരമാണ് ഈ കൃതി.




NEW ARRIVAL!




## പണ്ഡിതധർമം

**ഇമാം ഗസ്സാലി**

**വിവ. സി. ഹംസ**

₹ 175/-

പണ്ഡിതന്മാർക്ക് സ്വയം മനസ്സിലാക്കാനും സാധാരണക്കാർക്ക് പണ്ഡിതന്മാരെ മനസ്സിലാക്കാനും സഹായകമായ കൃതി. ഇമാം ഗസ്സാലിയുടെ മത വിജ്ഞാന സഞ്ജീവനം ഇഹ്യാ ഉലൂമുദ്ദീൻ എന്ന ഗ്രന്ഥത്തിൽ നിന്നെടുത്ത ഏറെ കാലികപ്രസക്തമായ ഒരു ശീർഷകത്തിന്റെ മലയാള ആശയാനുവാദം സ്വതന്ത്ര പുസ്തകമാക്കിയത്. പ്രമാണങ്ങളാലും പൂർവസൂരികളുടെ അനശ്വര മാതൃകകളാലും ഏറെ സമൃദ്ധം. സരളമായ ശൈലിയിൽ വശ്യമധുരമായ വിവർത്തനം. വേണ്ടത്ര വിശദീകരണക്കുറിപ്പുകൾ സഹിതം.

## Prophet MUHAMMED in Their Eyes

Editor: P.A Rafiq Zakariah

₹ 200/-

A collection of profound writings by world-renowned luminaries that shed light on the multifaceted life of Prophet Muhammad. Each article unveils a distinct facet of Prophet's extraordinary journey.

Micheal H. Hart • Thomas Carlyle • Alphonse de Lamartine
Thomas W. Arnold • Annie Besant • M.N. Roy • Lesley Hazleton
Karen Armstrong • James A. Michener • Roland E. Miller
Swami Ranganathananda • Khushwant Singh • Jeanette Pinto
Krishna Chaitanya • Stanley Lane-poole • Clinton Bennett
Duncan Greenlees • Bosworth Smith • Barnaby Rogerson
Prof. K. S. Ramakrishna Rao




NEW ARRIVAL!




## സ്വഹാബ; പ്രണയം പൂത്ത കാലം

### ഹനീഫ് റഹ്മാനി

₹ 300/-

സ്നേഹത്തിൽ ചെന്നു വീഴുക എന്നാണ് പറയുക. സ്നേഹത്തിൽ വീഴ്ച തന്നെയാണുള്ളത്. അവനവനിലുള്ള എന്തോ ഒന്ന് അവിടെ വീണുപോകുന്നു, നഷ്ടമാവുന്നു, സ്നേഹിക്കപ്പെടുന്നവർക്കു വേണ്ടി എന്തും വിട്ടുകൊടുക്കാൻ തയ്യാറാവുന്നു. ഉത്തമനൂറ്റാണ്ടിൽ പ്രവാചകനുവേണ്ടി സർവതും ത്യജിച്ച ചില മനുഷ്യരെക്കുറിച്ചുള്ള പുസ്തകം.

## The Maestro of Mercy

### Mujeeb Jaihoon

₹ 120/-

In the heart of Kerala, amidst its lush landscapes and vibrant traditions, lived a spiritual maestro whose life radiated boundless love, unwavering faith, and divine compassion. The Maestro of Mercy is a collection of intimate anecdotes that illuminate the extraordinary life of Shaykh Muhyiddeen al-Shadhili (natively known as Athippatta Moideen Kutty Musliyar), a Sufi saint who offered sanctuary to every living being-from the tiniest ant to the tallest tree. Grounded in deep devotion to the Prophet's Sunnah, Shaykh Muhyiddeen's teachings transcend time and place, offering enduring lessons in humility, gratitude, and spiritual strength. Through these heartfelt stories, author Mujeeb Jaihoon-a devoted disciple of the Shaykh-blends personal reverence with thoughtful insight to preserve the legacy of this spiritual giant. Whether you seek spiritual nourishment or a glimpse into the life of a saintly soul, this book promises to move, inspire, and enlighten.




NEW ARRIVAL!




## വാക്കിന്റെ വഴി

**ഡോ. റജീഷ് നരിക്കുനി**

₹ 200/-

വൈയക്തികമോ സാമൂഹികമോ ആയി പിന്നാക്കം നിൽക്കുന്ന ഒരാളുടെ അവസാന ഊർജവും പുറത്തുകൊണ്ടുവരാൻ പര്യാപ്തമായ വാക്യങ്ങളും ആശയസംഹിതകളും സരള മനോഹരഭാഷയിൽ ഈ കൃതിയിൽ പ്രതിപാദിക്കുന്നു. ഉള്ളടക്കത്തിലും ആഖ്യാനത്തിലും അത്രമേൽ പ്രചോദനാത്മകമാണ് ഇതിലെ ഒരോ അനുഭവങ്ങളും. നാം അഭിമുഖികരിക്കുന്ന ഒട്ടേറെ പ്രതിസന്ധികളെക്കുറിച്ചും അവ കൈകാര്യം ചെയ്യേണ്ട വിധത്തെക്കുറിച്ചും ഏറ്റവും ആധികാരികവും വൈകാരികവുമായി വിശകലനം ചെയ്യുന്ന ഈ പുസ്തകം ലക്ഷ്യബോധമുള്ള ഒരു തലമുറക്ക് ഏറ്റവും പ്രത്യാശാഭരിതമായ സ്വപ്നങ്ങൾ വാഗ്ദാനം ചെയ്യുന്നു. ആശയങ്ങളെയും ആശകളെയും മനോഹരമായി കോർത്തിണക്കിയ അക്ഷരങ്ങളുടെ പ്രസന്നതയും പ്രചോദനവും വാക്കിന്റെ വഴിയുടെ സർഗശക്തിയായി തീർന്നിട്ടുണ്ട്.

അവതാരികയിൽ- ഡോ.സോമൻകടലൂർ

## توقف القطارعدة مرات

مجموعة القصص القصيرة

**د. محمد شافعي الوافي**

₹ 120/-

هذا الكتاب ليس مجرد قصص، بل هو بستان من المعاني، ونسيم من البيان، تنبع منه رائحة العربية الفصحى في أجمل صورها، بأسلوبٍ أدبيٍّ عذب، وحبكةٍ قصصيةٍ ماتعة، يأخذنا الدكتور محمد شافعي في رحلةٍ بين الفكر والخيال، والموعظة والجمال. إنه كتاب يُقرأ بالقلب، ويُروى بالعقل، ويُهدى لمن تحب. فاقتنِه، واغترف من نبعه، وتمتع بروحه.




## അന്തലൂസിയൻ പ്രതിധ്വനികൾ

### മുഹമ്മദ് ശമീം

₹ 400/-

നാഗരികതകളുടെ സംഘട്ടനത്തെക്കുറിച്ച കൊളോണിയൽ സിദ്ധാന്തം, അപരിഹാര്യമായ വൈരുധ്യങ്ങളെന്ന് വിധിയെഴുതിയ പാശ്ചാത്യ, ഇസ്‌ലാമിക സംസ്കാരങ്ങളിലെ പാരസ്പര്യങ്ങൾ അന്വേഷിക്കുകയാണ് ഈ പുസ്തകത്തിലൂടെ മുഹമ്മദ് ശമീം. കുരിശുയുദ്ധങ്ങൾ തൊട്ട് ആരംഭിച്ച അപരവിദ്വേഷത്തിന്റെ പ്രകടനം പുതിയ കാലത്ത് ഇസ്‌ലാമോഫോബിയയുടെ ഭീഷണരൂപം പ്രാപിച്ചു നിൽക്കുമ്പോൾ, പാശ്ചാത്യ ഭാഷകളിലെ ഭുവന പ്രശസ്തരായ എഴുത്തുകാരുടെ കൃതികളിലെ ഇസ്‌ലാമിക ബിംബങ്ങളെയും രൂപകങ്ങളെയും വിശകലനം ചെയ്യുന്നു ഈ കൃതി. പാരസ്പര്യത്തിന്റെ പുതിയ സംസ്കാരത്തെ സൃഷ്ടിക്കുന്നു എന്ന തോടൊപ്പം ഇസ്‌ലാമിക സ്രോതസ്സുകളുടെ സർഗാത്മക സാധ്യതകളെ വെളിപ്പെടുത്തുകയും ചെയ്യുന്നു ഈ പുസ്തകം.




## ഞാൻ കണ്ട ലോകം

### ജസ്റ്റിസ് മുഹമ്മദ് തഖി ഉസ്മാനി

**വിവ. അബ്ദുല്ല ഫൈസി വേളം**

₹ 400/-

ജസ്റ്റിസ് തഖി ഉസ്മാനിയുടെ ദീർഘ യാത്രാവിവരണമാണ് 'ജഹാനേ ദീദ.' അതതു പ്രദേശങ്ങളെക്കുറിച്ചുള്ള കൃത്യമായ അവലോകനം, ആകർഷകമായ ശൈലി, റഫാൻസുകളുടെ പിൻബലം, പണ്ഡിതോചിത വിലയിരുത്തൽ, ചരിത്ര സ്മാരകങ്ങളുടെ പശ്ചാത്തല വിവരണം തുടങ്ങിയവ ഈ രചനയെ സവിശേഷമാക്കുന്നു. വിവിധ രാജ്യങ്ങളിലൂടെ അദ്ദേഹം നടത്തിയ നീണ്ട യാത്ര ഉർദുഭാഷയിൽ ഏറെ വായിക്കപ്പെട്ടു. പ്രസ്തുത കൃതിയുടെ മലയാള ഭാഷാന്തരമാണ് 'ഞാൻ കണ്ട ലോകം.'




## പ്രണയത്തിന്റെ പുസ്തകം

**ഖലീൽ ജിബ്രാൻ**

**വിവ. ബഷീർ മിസ്അബ്**

₹ 300/-

ഏതു ചെറുപ്പക്കാരന്റെ ജീവിതത്തിലും ഒരു സൽമയുണ്ട്. ജീവിതവസന്തത്തിലൂടെ പൊടുന്നനെ അവൾ പ്രത്യക്ഷപ്പെടുകയും അയാളുടെ ഏകാന്തതകളെ സന്തോഷനിമിഷങ്ങളിലേക്കു പരാവർത്തനം ചെയ്യുകയും അയാളുടെ പാതിരാമൂകതകളെ സംഗീതത്താൽ നിറക്കുകയും ചെയ്യുന്നു.




## ഹൃദയത്തിന്റെ പുസ്തകം

**ജലാലുദ്ദീൻ റൂമി**

**വിവ. ബഷീർ മിസ്അബ്**

₹ 250/-

'ലൈലയേക്കാളും ഭംഗിയുള്ള യുവതികളുണ്ടല്ലോ,' ആളുകൾ മജ്നുവോടു പറയും. മജ്നുവിന്റെ മറുപടി എപ്പോഴും ഇങ്ങനെയായിരിക്കും: 'നല്ലത്. ഞാൻ ലൈലയെ പ്രണയിച്ചത് അവളുടെ ബാഹ്യാകാരം കണ്ടിട്ടല്ല. അവൾ അത്രമാത്രം ഭംഗിയുള്ളവളുമല്ല. എനിക്കു ലൈല ഒരു ചഷകം പോലെയാണ്. ഞാനതിൽനിന്നു വീഞ്ഞു കുടിക്കുന്നു. ആ വീഞ്ഞുമായാണ് എന്റെ പ്രണയം. നിങ്ങൾക്കു പക്ഷേ, പാനപാത്രം കാണാനുള്ള കണ്ണേയുള്ളൂ. അതിനാൽ വീഞ്ഞിന്റെ രുചിയറിയില്ല. പഴകിപ്പൊളിഞ്ഞതാണെങ്കിലും വീഞ്ഞുനിറച്ച പാനപാത്രമാകുന്നു, ഒരായിരം സ്വർണചഷകങ്ങളേക്കാൾ എന്റെ കണ്ണുകൾക്കു പ്രിയതരം.'




## പൂവിലൊളിക്കുന്ന കാട്ടുമൃഗങ്ങൾ

**പി.കെ പാറക്കടവ്**

₹ 500/-

സാഹിത്യകാരനും കലാകാരനും മനുഷ്യപക്ഷക്കാരാണ്. മാനവികതയുടെ മജ്ജയും ഇറച്ചിയുമുള്ളവർ. ലോകഭൂപടത്തിൽ അടയാളപ്പെടുന്ന പീഡനങ്ങളും യാതനകളും അവരെ അസ്വസ്ഥപ്പെടുത്തുന്നു. ഫലസ്തീൻ, കാശ്മീർ, മ്യാൻമാർ, മാത്രമല്ല, മർദിതരുടെ തേങ്ങലുകളെല്ലാം അവരുടെ വേദനകളാണ്. മൂർച്ചയേറിയ വാക്കുകളുടെ കൂരമ്പുകൊണ്ട്, ദേശാതിർത്തികളുടെ സങ്കുചിതത്വമില്ലാതെ നീതിയെ കുത്തിനോവിക്കലാണ് അവരുടെ ദൗത്യം. അത്തരമൊരു ഉദ്യമത്തിലാണ് പി.കെ പാറക്കടവ്.




## ചരിത്രം, വക്രീകരണം, തിരുത്തെഴുത്ത്

**ഡോ. കെ.കെ.എൻ കുറുപ്പ്**

തയ്യാറാക്കിയത്: **ഡോ. മോയിൻ മലയമ്മ**

ചരിത്ര പഠന-ഗവേഷണ മേഖലയിലെ ദീർഘകാലത്തെ എന്റെ അനുഭവങ്ങളുടെയും ജ്ഞാനസമ്പാദനത്തിന്റെയും അതിൽനിന്നു ലഭിച്ച ബോധ്യങ്ങളുടെയും തുറന്നെഴുത്താണ് ഈ പുസ്തകമെന്നു പറയുന്നതിൽ സന്തോഷമുണ്ട്. ചരിത്ര വക്രീകരണത്തിന്റെ പുതിയ കാലത്ത് ഈ മേഖലയിൽ നിരന്തരം സൃഷ്ടിക്കപ്പെടുന്ന തെറ്റിദ്ധാരണകൾ തിരുത്തൽ ചരിത്രാധ്യാപകൻ എന്ന നിലക്ക് എന്റെ ബാധ്യതയാണെന്നു ഞാൻ കരുതുന്നു. അതിനുള്ള എളിയ ശ്രമമാണ് ഈ സംഭാഷണ പുസ്തകം.




## ബി.ആർ.പി
### പ്രതിരോധത്തിന്റെ കാതൽ

എഡിറ്റേഴ്സ്:

**സിവിക് ചന്ദ്രൻ**

**വിജയരാഘവൻ ചേലിയ**

₹ 160/-

₹ 190/-

കേരളത്തിന്റെ പ്രതിപക്ഷ സിവിൽ സമൂഹത്തെ ഏതാണ്ടൊറ്റക്കു നയിച്ച ബി.ആർ.പിയുടെ ഓർമക്ക്. മാധ്യമപ്രവർത്തനത്തെ ജനാധിപത്യപരമായ സാമൂഹിക ഇടപെടലായി പരിവർത്തിപ്പിച്ച മാധ്യമ പ്രവർത്തകൻ. ഓരങ്ങളിൽ കഴിയുന്നവരുടെ നോവുകൾക്കു കാതും നാവുമായി കൂടെ നടന്ന ആക്റ്റിവിസ്റ്റു സഹയാത്രികൻ. ആദിവാസികളുടെയും ദലിതുകളുടെയും കോളനികളെ അധികാരം വേട്ടയാടിയപ്പോൾ പ്രതിരോധത്തിനു കരുത്തും കാവലുമായി മുന്നിൽ നിന്ന ദൃഢസാന്നിധ്യം. സ്വന്തം തെറ്റുകൾ പരിശോധിക്കുന്ന കോളം തുടങ്ങാൻ മുൻനിര പത്രങ്ങളിൽ ചിലതിനെയെങ്കിലും നിർബന്ധിതരാക്കിയ മാധ്യമവിമർശകൻ, ആത്യന്തികമായി അധികാര വിമർശകൻ ബി.ആർ. പിയുടെ ജീവിതത്തെയും പ്രവർത്തനങ്ങളെയും വിശകലന വിധേയമാക്കുന്ന ഓർമകളുടെയും കുറിപ്പുകളുടെയും സമാഹാരം.




## അറബിമലയാളം
### ഭാഷ സാഹിത്യം സംഗീതം

എഡിറ്റേഴ്സ്:

**കെ. അബൂബക്കർ**

**ഇഹ്സാനുൽ ഇഹ്തിസാം**

₹ 500/-

'ആറു മലയാളിക്കു നൂറു മലയാള'മെന്നതു വാമൊഴിയിൽ പരിമിതമല്ല. ഏഴു ലിപികളിൽ എഴുതപ്പെട്ടുവെന്ന വസ്തുത വരമൊഴിയിലെ വൈവിധ്യത്തിനു സാക്ഷി പറയും. ഓരോ മലയാളവും ഓരോ ജനവിഭാഗത്തിന്റെ സാംസ്കാരികമുദ്രകൾ പേറുന്നതാണ്. വൈവിധ്യങ്ങളെ തിരസ്കരിക്കുന്ന മാനകീകരണം അത്രയും സംസ്കാരങ്ങളെ കൂടിയാണു തള്ളിക്കളയുന്നത്. സംസ്കാരത്തിന്റെ ജനാധിപത്യവത്കരണത്തിനുള്ള മുറവിളിയുയരുന്ന പശ്ചാത്തലത്തിൽ മാനകമലയാളത്താൽ തിരസ്കരിക്കപ്പെടുന്ന ഭാഷാവൈവിധ്യങ്ങളിലൊന്നായ അറബിമലയാളത്തെ വായിച്ചെടുക്കാനുള്ള ശ്രമമാണ് ഈ പുസ്തകം.




## ജയിലടയാളങ്ങൾ

### ഒരു പ്രവാസിയുടെ കുറിപ്പുകൾ

**ഷാനവാസ് കെ**

₹ 180/-

അനിതരസാധാരണമായ പ്രതിസന്ധികളിൽ കുടുങ്ങിപ്പോയ ഒരുകൂട്ടം ഹതഭാഗ്യരെ കേൾക്കാൻ വിധിക്കപ്പെട്ട ഒരു സന്നദ്ധ പ്രവർത്തകന്റെ അനുഭവക്കുറിപ്പുകളാണ് ജയിലടയാളങ്ങൾ എന്ന ഈ പുസ്തകം. ജയിലടയാളങ്ങൾ വായിച്ചു തുടങ്ങുന്ന ഏതൊരാളും അത് ഒറ്റയിരിപ്പിന് പൂർത്തിയാക്കുക തന്നെ ചെയ്യും. അനുഭവങ്ങളുടെ തീക്ഷ്ണത പകർത്തിവെച്ച, ഒന്നിനൊന്ന് വ്യത്യസ്തമായ പതിനേഴ് അധ്യായങ്ങളാണ് പുസ്തകത്തിലുള്ളത്. എഴുത്തുകാരൻ കത്തിക്കുന്ന ഈ തീച്ചൂളയിൽ ദിവസങ്ങളോളം വായനക്കാരൻ പുകഞ്ഞു നീറും. നിയമം വിരിച്ചിട്ട വലകൾക്കകത്ത് കുറ്റവാളികളാവാതെ തന്നെ കുരുങ്ങിപ്പോകുന്ന ഇതിലെ മനുഷ്യ ജൻമങ്ങളാണ് നമ്മളെ വേട്ടയാടുക. ഗൾഫ് ജീവിതത്തെ കുറിച്ച നടുക്കുന്ന ഒരുപാട് ഉൾക്കാഴ്ചകൾ പുസ്തകം നൽകുന്നുണ്ട്. പ്രവാസ ജീവിതത്തിന്റെ പലതരം ചതിക്കുഴികളെ കുറിച്ച് അറിവുള്ളവരാകുമ്പോഴും ആ അനുഭവങ്ങളിൽ ചിലതിന്റെ അസാധാരണത്വമാണ് ഈ പുസ്തകത്തെ വേറിട്ടു നിർത്തുന്നത്.




### ശഹീദേ മില്ലത്ത് ടിപ്പു സുൽത്താൻ

## ഖിസ്സപ്പാട്ട്

**നസ്റുദ്ദീൻ മണ്ണാർക്കാട്**

₹ 350/-

യുദ്ധവും പടയാത്രകളും ഗാർഹസ്ഥ്യവും വിവാഹ മംഗളങ്ങളും ജയവും തോൽവിയും ഒക്കെയായി നീണ്ടകാലങ്ങളിലൂടെ മൈസൂർ സുൽത്താന്മാർ കടന്നുപോയ ഓരോ സന്ദിഗ്ധതയെയും അതിനൊത്ത ഭാവം ഉണരുന്ന ഇശലുകളിലാണ് കവി അവതരിപ്പിച്ചത്. അപ്പോൾ തന്നെ ആ വായനക്ക് ഇരട്ടി അനുഭൂതി കൈവരുന്നു. മറ്റൊന്ന് ഇതിൽ ഉപയോഗിക്കുന്ന കാവ്യ ശൈലിയാണ്. അത് വൈദ്യർ പാട്ടുപ്രസ്ഥാനത്തിലെ അതിസങ്കീർണ രാശിയല്ല. ടി. ഉബൈദിനെയും പുന്നയൂർക്കുളം ബാപ്പുവിനെയും പോലുള്ളവരുടെ സമ്പൂർണ മാനകമലയാളവുമല്ല. രണ്ടിന്റെയും ഇടയിലുള്ള മധ്യമാർഗമാണ് പാട്ടിലാസകലം പ്രയോഗിച്ചത്.
പാട്ടിൽ കൊണ്ടുവന്ന ഒരു പദത്തെയും അതിന്റെ കേവലാർഥത്തിന്റെ സ്ഥൂലതയിൽ ശഠിച്ചുനിൽക്കാൻ കവി സമ്മതിക്കുന്നേയില്ല. പകരം, കേവലാർഥങ്ങളുടെ രുദ്രാക്ഷ ശുഷ്കതകൾ വകഞ്ഞ് അനുഭൂതികളുടെ അപാര തീരങ്ങളിലേക്ക് അരയന്നങ്ങളെപ്പോലെ നീന്തി മറയാൻ അവയെ പ്രാപ്തമാക്കുകയാണ് ചെയ്യുന്നത്.
**-പി. ടി കുഞ്ഞാലി**




## ബടുവൻ ജീവിക്കുന്നു

**എം.എ റഹ്മാൻ**

₹ 280/-

അറബിക്കഥകളിലേത് പോലെ അയഥാർഥമായ അന്തരീക്ഷം. ഈ അനുഭവങ്ങളുടെ ആഖ്യാനത്തിലൂടെയാണ് തന്റെ കൊച്ചു പ്രദേശത്തിന്റെ അടയാളങ്ങൾ കഥാകാരൻ രേഖപ്പെടുത്തിയത്. ഈ കഥകളിലല്ലാതെ മറ്റെവിടെയും അവ സൂക്ഷിച്ചുവച്ചിട്ടില്ല. ഭാഷാ ഇടനാഴി പോലുള്ള സന്ദിഗ്ധതയുള്ള ഒരു ചെറിയ ഇടത്തിലെ മനുഷ്യരുടെ ജീവിത പരിണാമത്തെയാണ് റഹ്മാൻ കഥകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സ്വാഭാവികമായും സമുദായത്തിന്റെ മുദ്രകൾ അവയിലെ പ്രത്യക്ഷതകളാവുന്നു. കൈയെത്തിത്തൊടാവുന്ന അകലത്തിലേക്കുമാത്രം തെന്നിപ്പോയ സാമൂഹ്യജീവിതത്തിന്റെ ഭൂതകാലത്തെയും കഥാകാരൻ ഈ കഥകളിൽ അവതരിപ്പിക്കുന്നു.

- എ.ടി മോഹൻരാജ്




## സ്പെയിൻ തീരങ്ങളിൽ

**ജസ്റ്റിസ് മുഹമ്മദ് തഖി ഉസ്മാനി**

**വിവ. അബ്ദുല്ല ഫൈസി വേളം**

₹ 100/-

ഇസ്ലാമിക ചരിത്രത്തിലെ ഇരുണ്ടദിനമാണ് 1492 ജനുവരി മൂന്ന് കാസ്റ്റൈലിലെ രാജ്ഞി ഇസബെല്ലയുടെയും ആരഗോണിലെ രാജാവ് ഫെർഡിനൻഡിന്റെയും സംയുക്തസേന ഗ്രാനഡയിൽ ഇരച്ചു കയറിയ ദിനം. എട്ടു ശതാബ്ദക്കാലം കാലം നീണ്ടുനിന്ന മുസ്ലിം ഭരണം അസ്തമിച്ച കറുത്തദിനം. സ്പെയിൻ അധോഗതിയുടെ ആഴിയിലേക്ക് നിപതിച്ച ദിവസം. ചരിത്രപണ്ഡിതൻ ലെയിൻപൂൾ പറയുന്നു: 'ഫെർഡിനൻഡിന്റെയും ഇസബെല്ലയുടെയും പാറൽസിന്റെയും സാമ്രാജ്യങ്ങൾക്ക് അനശ്വരമായ യാതൊരൗന്നത്യവും ലഭിച്ചില്ല. മൂറുകളെ അവർ പുറത്താക്കി. തെല്ലിട, ക്രിസ്തീയ സ്പെയിൻ, ചന്ദ്രനെപോലെ കടം വാങ്ങിയൊരു വെളിച്ചംകൊണ്ടു പ്രകാശിച്ചു. ക്ഷണത്തിൽ ഗ്രഹണം വന്നു. പിന്നീട് ഇന്നോളം സ്പെയിൻആ അന്ധകാരത്തിൽ തപ്പിത്തടയുകയാണ്.'

**ലോകസഞ്ചാരി ജസ്റ്റിസ് മുഹമ്മദ് തഖി ഉസ്മാനി സ്പെയിനിന്റെ ചരിത്രശേഷിപ്പുകളിലൂടെ നടത്തിയ പഠനാർഹമായ യാത്രയുടെ പരിഷ്കരിച്ച പതിപ്പ്**




## വിഷനദി

**തൗഫീഖുൽ ഹകീം**

മൊഴിമാറ്റം: **ഡോ. എം.എം ബഷീർ**

₹ 150/-

അറബ് സാഹിത്യത്തിലെ മാത്രമല്ല വിശ്വസാഹിത്യത്തിലെ തന്നെ മികച്ച നാടകകൃത്തുക്കളിൽ ഒരാളാണ് തൗഫീഖുൽ ഹകീം. ഗൗരവമുള്ള പ്രമേയങ്ങൾ തികച്ചും പരിഹാസാത്മകമായി അവതരിപ്പിക്കുന്ന ഹകീമിന്റെ അസംബന്ധ രചനാസമ്പ്രദായത്തിലെ മികച്ച രചനയാണ് വിഷനദി.




## അല്ലാഹുവിലേക്ക് ഒളിച്ചോടിയ പെൺകുട്ടി

**ഫാത്തിമ റാഹില**

₹ 100/-

ഫേസ് മോഡലായിരുന്ന ഒരു ക്രിസ്ത്യൻ പെൺകുട്ടി. പകിട്ടാർന്ന അരങ്ങുകളിൽ താളനിബദ്ധമായി റാമ്പ് വാക്ക് ചെയ്തിരുന്നു അവൾ. ആഡംബര ജീവിതം നയിച്ചിരുന്ന അവളുടെ കരിയർ സ്വപ്നം സിനിമയും ഫാഷൻ ഡിസൈനിങ്ങുമായിരുന്നു. സിനിമയുടെ സങ്കേതങ്ങളിലേക്കുള്ള വഴികൾ അനായാസം അവൾക്കു മുന്നിൽ തുറന്നുവന്നു. പക്ഷേ, അവളുടെ വിധിയേടുകളിൽ എഴുതപ്പെട്ടത് മറ്റൊന്നായിരുന്നു. പടച്ചവന്റെ തീരുമാനപ്രകാരം ഹിദായത്തിന്റെ ദിവ്യപ്രകാശംഒരു നേർത്ത മാരുതനെപ്പോലെ അവളെ തഴുകി. ആർക്കും അന്യമല്ലാത്ത സന്മാർഗത്തിന്റെ അകക്കാമ്പ് കണ്ടെത്തുന്നതിൽ അവൾ വിജയിച്ചു. ഒടുവിൽ, കാഴ്ചപ്പെടുത്തലിന്റെയും പ്രകടനങ്ങളുടെയും കരിയർ അവൾ ഉപേക്ഷിച്ചു. സൗമ്യതയുടെ സംസ്കാരത്തിലേക്ക് വഴിമാറി സഞ്ചരിച്ചു.

ഒരു ക്രിസ്ത്യൻ വനിതയുടെ ഇസ്‌ലാം ആശ്ലേഷണ കഥ




## ഞാനൊഴുകുന്ന പുഴ

**ടി.കെ മൊയ്തു വേളം**

₹ 300/-

ചെളിയും പായലും പുരണ്ട തോർത്തുമുണ്ട് പുഴയിൽ ഉപേക്ഷിച്ചു. ഞാൻ പിറന്നപടിയായി. പുഴ കൗതുകത്തോടെ ചിരിച്ചു. എന്റെ നാണം മറയ്ക്കാനെന്നോണം കുഞ്ഞലക്കൈകൾ നീട്ടി...
പണിതീർന്ന രണ്ടു തോണിപ്പുരകൾ മഴയും വെയിലുമേറ്റു നിരാലംബമായി പുഴയോരത്തു നരച്ചു കിടക്കുന്നു, പോയ കാലത്തിന്റെ അടയാളം പോലെ...
എത്ര പറഞ്ഞാലും എങ്ങനെ ആവിഷ്കരിച്ചാലും തീരാത്ത പുഴ. ഭാവനാശാലികളുടെ തൂലികത്തുമ്പിൽനിന്ന് കഥയായി, കവിതയായി പലപാടൊഴുകിയ പുഴ... പുഴപ്രണയികൾ ഇപ്പോഴും എവിടെയെങ്കിലുമുണ്ടാകാം. അവരെത്തേടി എന്നിൽനിന്ന് ഉറന്നൊഴുകുന്ന പുഴയാണിത്...




## Breathless Beyond

Shamsudheen Mubarank

Translator: Muhammed Aslam

₹ 250/-

This translated novel from Malayalam is a heart-pounding adventure beyond the veil. It's a captivating blend of fantasy, religion, and profound questions about life, death, and what lies beyond. Basheer, a Keralite Malabari man haunted by his choices in life, dies.
Death, he realises, is a gateway, not an end. His restless slumber in the grave becomes the prelude to a breathtaking journey. Basheer, now a disembodied spirit, watches in horror as the world tears itself apart. The tremors of the apocalypse rock his disembodied form as civilization crumbles. A new world emerges. Here, Basheer faces the ultimate judgement. Will he find solace in paradise or be consumed by the fires of eternity?

*Brathless Beyond* takes us on a thrilling exploration of the afterlife, where the shadows of the past, the weight of choices, and the mysteries of the future collide.




# The Road Up North

Manal Gafoor

₹ 350/-

Her husband's phone being unreachable had never bothered Merin; she knew he was always travelling around crazy places for work. But when the silence and inactivity on his bank accounts stretch to two weeks, she seeks out the wives of his old, estranged friends-a conversation she's not looking forward to-and finds out that those guys have also been missing for two weeks, leaving behind the same silence that all of Merin's hacking skills couldn't break through. Concerned, but also intrigued, she gathers the other women and embarks on a cross-country quest to bring their husbands home-a trip of clashing egos, unexpected revelations, and deep, personal healing.

Drawn from a sketch of her own journey of healing, Manal Gafoor's The Road up North takes the reader on an emotional rollercoaster across South India, weaving together themes of travel and friendship, while underlining the transformative power they bring to the human spirit.




A Source Book on

# Diversity & Pluralism

In Muslims, Hindu and Christian Scriptures

Editors: V.A Mohammed Ashrof, Kabeer Husain

₹ 280/-

This ground-breaking work offers a comprehensive study of the Quran's teachings on religious pluralism and diversity. Featuring insights from 60 eminent scholars, it delves into the Quranic principles that promote peace, justice, human dignity, and mutual respect among people of different faiths. The book emphasizes the shared values of brotherhood and compassion as foundational for building cohesive and inclusive societies. This is an invaluable resource for understanding the Quran's message of diversity and pluralism in today's world. It provides a rich and nuanced exploration of the topic, making it essential reading for scholars, students, and anyone interested in interfaith dialogue and religious tolerance.




# തടാകത്തിൽ പ്രതിഫലിക്കുന്ന ഈത്തപ്പനയുടെ നിഴൽ

**കുഴൂർ വിത്സൻ**

₹ 200/-

സ്വയം അലങ്കരിച്ചുനിർത്തിയിരിക്കുന്ന നവോത്ഥാന(Self fashioned Renaissance) ഭാവുകത്വത്തോട് ആത്മസംഘർഷത്തിലാണ്, പലപ്പോഴും ഈ കവിതകൾ. ആയതിനാൽ, ഏകശിലാത്മകമോ കേന്ദ്രീകൃതമോ ആയ ഒന്നിനോടും ആത്മയ്ക്യം പ്രാപിക്കാതെ പലവഴികളിൽ സഞ്ചരിക്കുന്ന അനുഭവം ഈ കവിതകളുണ്ടാക്കുന്നു.







## വാൻഗോഗിന്റെ ചെവി

**വി.എച്ച് നിഷാദ്**

₹ 140/-

വാൻഗോഗിയൻ ചിത്രപുസ്തകത്തിലെ ഒരു താളിൽ നിന്ന് മുറിഞ്ഞുവീഴുന്ന ചെവി! അതിന്റെ അരികിൽ പൊടിയുന്ന ചോരക്ക് ആസക്തിയുടെ ചൂടിനെക്കാൾ ജീവിതകൗതുകത്തിന്റെ കുളിർമയുള്ള പനിനീർ സ്പർശം അനുഭവിപ്പിക്കുന്ന കഥ. മുട്ടത്തുവർക്കി പുരസ്കാരം ലഭിച്ച 'വ്യാകരണം', മാതൃഭൂമി വിഷുപ്പതിപ്പ് കഥാപുരസ്കാരം ലഭിച്ച 'വാൻഗോഗിന്റെ ചെവി', എം.പി നാരായണപിള്ള ചെറുകഥാപുരസ്കാരം ലഭിച്ച 'സീതാ... നീയേത് ഫ്ലാറ്റിലാണ് ?' തുടങ്ങി പതിനൊന്നു കഥകളുടെ സമാഹാരം.

വി.എച്ച് നിഷാദിന്റെ ആദ്യ കഥാസമാഹാരത്തിന്റെ പരിഷ്കരിച്ച പതിപ്പ്

## ഭാവനയുടെ പരിണാമദൂരങ്ങൾ

**ഒ.കെ സന്തോഷ്**

₹ 300/-

മലയാളസാഹിത്യത്തിന്റെ വരേണ്യഭാവുകത്വത്തെയും ചരിത്രപരമായ അധീശത്വത്തെയും സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രമനുസരിച്ച് വിമർശനാത്മകമായി പരിശോധിക്കുന്നവയാണ് ഈ പുസ്തകത്തിലെ ലേഖനങ്ങളധികവും. മലയാളിയുടെ പൊതുബോധത്തിലുറച്ച ഭാവുകത്വം പരിഗണിക്കാതെപോയ എഴുത്തുകാരെയും രചനകളെയും വീണ്ടെടുക്കുന്ന ഈ സാംസ്കാരിക പ്രക്രിയയിൽ നോവൽ, കഥ, ആത്മകഥ, സിനിമ, നാടകം തുടങ്ങിയ വൈവിധ്യമുള്ള ആവിഷ്കാരങ്ങളിലേക്കുള്ള സൂക്ഷ്മനോട്ടങ്ങളാണ് ഗ്രന്ഥകാരൻ നടത്തുന്നത്. ചരിത്രത്തിൽ മാഞ്ഞും മറഞ്ഞും പോയവരുടെ രാഷ്ട്രീയ- സാംസ്കാരികസംഭാവനകളെ മുഖ്യധാരാസംവാദങ്ങളുടെ ഭാഗമാക്കാനുള്ള ശ്രമം നടത്തുന്നുവെന്നതാണ് ഈ ഗ്രന്ഥത്തിന്റെ എടുത്തുപറയേണ്ട മറ്റൊരു സവിശേഷത.




## മസ്നവി:
## വിവർത്തനവും വ്യാഖ്യാനവും

**സി. മുഹമ്മദ് ഹുദവി**

₹ 290/-

മൂലസ്രോതസ്സിൽ തിരികെയെത്താനുള്ള മനുഷ്യാത്മാവിന്റെ തീവ്രാഭിലാഷവും അത് സഫലമാക്കാനുതകുന്ന പ്രായോഗിക മാർഗങ്ങളുമാണ് മസ്നവിയുടെ പ്രധാന പ്രമേയം. കിഴക്കും പടിഞ്ഞാറും ഉത്സാഹപൂർവം പാരായണം ചെയ്തുകൊണ്ടിരിക്കുന്ന ഈ ബൃഹദ്ഗ്രന്ഥം പേർഷ്യൻ ഭാഷയിലെ ഖുർആൻ എന്ന് വിശേഷിപ്പിക്കപ്പെടുന്നു. ആറു വാല്യങ്ങളിലായി കാൽ ലക്ഷത്തിലേറെ വരികൾ! അവയിൽ ഉൾച്ചേർന്നിരിക്കുന്ന പൊരുളുകൾ മലയാളത്തിന് പരിചയപ്പെടുത്താനുള്ള സാഹസത്തിന്റെ ഫലമാണ് ഈ കൃതി.




## മസ്നവി- 2
## വിവർത്തനവും വ്യാഖ്യാനവും

**സി. മുഹമ്മദ് ഹുദവി**

₹ 350/-

‘പരമ യാഥാർഥ്യത്തിലേക്കുള്ള യാത്രയിൽ തടസ്സം സൃഷ്ടിക്കുന്ന പ്രലോഭനങ്ങളും പ്രകോപനങ്ങളും അപൂർവമല്ല. ജാഗ്രതയും പ്രതിരോധശേഷിയും വേണ്ടുവോളമില്ലെങ്കിൽ അപകടത്തിന്റെ ആഘാതം ആഴമേറിയതാകും. നസ്രാണികളുടെ ഘാതകൻ ജീവനെയല്ല; ജീവന്റെ ജീവനായ സത്യവിശ്വാസത്തെയാണ് കവർന്നെടുക്കുന്നത്.’

മോക്ഷം തേടുന്ന അന്വേഷിയുടെ മുമ്പിൽ സഹായഹസ്തവുമായി നിൽക്കുകയാണിതിൽ റൂമി. മസ്നവിയിലെ 404 മുതൽ 491 വരെയുള്ള വരികളുടെ വിവർത്തനവും വ്യാഖ്യാനവും.




## ഗൂർഖകളുടെ നാട്ടിൽ

**യു.കെ അജ്മൽ**

₹ 220/-

ഇന്ത്യയുടെ ഏറ്റവും വിദൂരമായ മൂന്ന് അതിർത്തി മേഖലകളിലേക്കുള്ള യാത്രകളാണ് പ്രധാനമായും ഈ പുസ്തകം. അതിൽ ഗൂർഖാലാൻഡും കാശ്മീർ താഴ്‌വരയും പൊതുവെ മലയാളിക്ക് പരിചിതമാണെങ്കിലും മ്യാൻമർ അതിർത്തിയിലെ മാറാലാൻഡ് ഒരു പക്ഷേ, മലയാളി വായനയിൽ അന്യമായ ഭൂമികയാണ്.

ആർഭാടങ്ങളേതുമില്ലാത്ത ഈ യാത്രകൾക്ക് ശരിക്കും തീർഥാടനങ്ങളുടെ ലാളിത്യവും കാഠിന്യവുമുണ്ട്. കൗതുകം മാത്രമാണ് യാത്രികന്റെ ഇന്ധനം. അതുകൊണ്ട്, ഉറക്കമോ ക്ഷീണമോ വിശപ്പോ മുന്നോട്ടുള്ള പ്രയാണത്തെ തടസ്സപ്പെടുത്തുന്നേയില്ല. ഓരോ ഇടങ്ങളിലെയും കാലികവും ചരിത്രപരവുമായ വിവരങ്ങൾ അടുക്കോടെ അഴകുള്ള ഭാഷയിൽ ചേർത്തുവച്ചിട്ടുണ്ട് പുസ്തകത്തിൽ.




## കടലാസു തോണികൾ

**സീന ഷുക്കൂർ**

₹ 110/-

ഭാഷയുടെ താരള്യമാണ് ഇക്കഥകളുടെ തുഴ. സംഭവങ്ങളെ ഭാവനയിൽ മാറ്റിപ്പണിയാനുള്ള പാടവവും കഥാകൃത്തിനുണ്ട്. ദൈനംദിന ജീവിതപരിസരങ്ങളിൽനിന്ന്, സമകാലിക സംഭവങ്ങളിൽ നിന്നെല്ലാം കഥയുടെ ചുരുൾ നിവർത്തി വാക്കുകൾ അളവൊപ്പിച്ചു മടക്കിയുണ്ടാക്കിയവയാണ് 'കടലാസുതോണികൾ'. കഥയിലേറിയ വായനക്കാരെ ഈ തോണികൾ മറുകരക്കെത്തിക്കുന്നു; ചിലപ്പോൾ ശാന്തമായും മറ്റു ചിലപ്പോൾ അല്ലാതെയും.

ഏഴു രചനകൾ, വ്യത്യസ്ത പ്രമേയങ്ങൾ; കഥയുടെ പെരുവഴി തേടുന്ന ഉള്ളടക്കം. സൈക്കോളജിയും കവിതയും കൈവശമുള്ള എഴുത്തുകാരിയുടെ ആദ്യ കഥാസമാഹാരം. കഥകൾ കൊണ്ടു പണിതൊരു മാനസികാരോഗ്യ കേന്ദ്രമാണീ പുസ്തകമെന്ന്

**മുഖ്താർ ഉദരംപൊയിൽ അവതാരികയിൽ..**




## പള്ളി ദർസ്
### ചരിത്രം, വർത്തമാനം

**ഡോ. സി.കെ അബ്ദുറഹ്മാൻ ഫൈസി അരിപ്ര**

₹ 250/-

മദീനാ പള്ളിയിൽ മുഹമ്മദ് നബി അധ്യാപകനും അനുചരന്മാർ വിദ്യാർഥികളുമായി തുടക്കം കുറിച്ച ഗുരുകുല സംവിധാനമാണ് പള്ളിദർസ്. കേരളത്തിലെ ഇസ്‌ലാമിക വിദ്യാഭ്യാസത്തിന്റെ മൂലശില. പള്ളി ദർസുകളുടെ ചരിത്രം, ആഗോള മാതൃകകൾ, പ്രമുഖ മുദരിസുമാർ, കരിക്കുലം, സ്വാധീനം, സാഹിത്യ സാംസ്കാരിക മേഖലകളിലെ ഇടപെടലുകൾ എന്നിവ വിശകലനം ചെയ്യുന്ന പഠനം. സമസ്ത കേന്ദ്ര മുശാവറ അംഗത്തിന്റെ ഡോക്ടറേറ്റ് പ്രബന്ധത്തിന്റെ സംഗ്രഹം.




### ഡോ. സഈദ് റമളാൻ ബൂത്വിയുടെ
## സാരോപദേശങ്ങൾ

**സമാഹരണം: മുഹമ്മദ് അഹ്സൻ പുല്ലൂർ**

₹ 250/-

മുസ്‌ലിം സമുദായത്തിന്റെ ആത്മീയവും സാമൂഹികവും രാഷ്ട്രീയവുമായ ഔന്നത്യവും അഭിവൃദ്ധിയും ലക്ഷ്യംവച്ച് ഡോ. സഈദ് റമളാൻ ബൂത്വി നടത്തിയ സ്നേഹഭാഷണങ്ങൾ. ദിവ്യാനുരാഗം, പ്രവാചക പ്രേമം, ഐക്യം, ധാർമികത, നൈതികത, സ്വഭാവ വൈശിഷ്ട്യം, നിയോഗം, ഉത്തരവാദിത്തം തുടങ്ങി വിവിധ വിഷയങ്ങളിലുള്ള ലളിതവും സാഹിത്യ സമ്പുഷ്ടവുമായ സാരോപദേശങ്ങൾ. ഖുർആനിക സൂക്തങ്ങൾ, പ്രവാചക മൊഴികൾ, ചരിത്രകഥകൾ, വേറിട്ട നിരീക്ഷണങ്ങൾ എന്നിവയുടെ മേമ്പൊടി ചേർത്ത ഹൃദ്യമായ അവതരണം. സാമൂഹികവും വൈയക്തികവുമായ പ്രശ്നങ്ങളുടെ ആഴവും പരപ്പും കൃത്യമായി മനസ്സിലാക്കിയുള്ള വിശകലനം.




## ഉസ്താദ് എംബാപ്പെ

**മുഖ്താർ ഉദരംപൊയിൽ**

₹ 170/-

ഗ്രാമജീവിതത്തിന്റെ വിശുദ്ധിയും നിഷ്കളങ്കതയും നാട്ടുഭാഷയുടെപകിട്ടിൽകോർത്തെടുത്തകഥകളുടെ ലോകമാണ് മുഖ്താർ ഉദരംപൊയിലിന്റേത്. മലബാറിലെ മുസ്‌ലിം സാമൂഹിക ജീവിത പരിസരം അതിന്റെ തനിമയിൽ കോറിയിടുന്ന ആഖ്യാന ചാരുത ഇവയെ മികച്ച വായനാനുഭവമാക്കി മാറ്റുന്നു. സമകാലിക സാഹചര്യത്തിൽ രാഷ്ട്രീയമായ മറുവായന കൂടി സാധ്യമാക്കുന്ന എഴുത്തുകൾ. ഏറനാടൻ വാമൊഴിച്ചന്തത്തിൽ കുറുക്കിയെടുത്ത എട്ടു കഥകൾ.

**സജയ് കെ.വിയുടെ അവതാരിക.**
**റഫീക്ക് തിരുവള്ളൂരിന്റെ അനുബന്ധം**




## അകക്കാമ്പ്

**നൗഷാദ് പുഞ്ച**

₹ 150/-

നിലാവെട്ടമുള്ള മിന്നാമിനുങ്ങുകളാണ് മനുഷ്യർ. നമ്മുടെ ഹൃദയത്തിൽ ഇത്തിരിപോന്നൊരു വിളക്ക് ചേർത്തുകെട്ടിയിരിക്കുന്നു. അതിനാകട്ടെ, ഭൂമിയെ കുളിപ്പിക്കാനുള്ള പ്രകാശവുമുണ്ട്. എന്നിട്ടും നമ്മുടെ ചുറ്റുപാടുകൾ ഇരുണ്ടുതന്നെ കിടപ്പാണ്. നഷ്ടപ്പെടലുകളിൽ, വേദനകളിൽ, ദുഃഖങ്ങളിൽ, മനഃപ്രയാസങ്ങളിൽ അകപ്പെട്ടുപോയവർക്കുള്ള വെളിച്ചമാണ് നമുക്കുള്ളിലുള്ളത്. അതവർക്ക് പകർന്നുനൽകാൻ ഒരുങ്ങുകതന്നെ വേണം. ഒരു നേർത്ത ചിരികൊണ്ടെങ്കിലും വെളിച്ചമാകാൻ നമുക്കാവണം. അവിടെയാണ് നാം ജീവിതത്തിന്റെ അർഥം കണ്ടെത്തുന്നത്.




## റായ്ഗല്ലിയിലെ സംഗീതരാവുകൾ

**സുഹൈല വെള്ളില**

₹ 130/-

സുഹൈല വെള്ളില അപരിചിതമായ അനുഭവങ്ങളുടെ ഭൂഖണ്ഡങ്ങളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. അവിടെ നാം കണ്ടുമുട്ടിയിട്ടില്ലാത്ത കഥാപാത്രങ്ങളെ കണ്ടുമുട്ടുന്നു. വളരെ ലളിതവും സുന്ദരവുമായ ആഖ്യാനത്തിലൂടെ കഥ പറയാനുള്ള പാടവം സുഹൈല ഇപ്പോൾതന്നെ നേടിയിരിക്കുന്നു. ഈ പുതിയ കഥാകൃത്ത് മലയാള ചെറുകഥാ സാഹിത്യത്തിന് വലിയൊരു മുതൽക്കൂട്ടായി വളരും എന്ന കാര്യത്തിൽ ഈ കഥകൾ വായിച്ച എനിക്ക് അൽപംപോലും സംശയം തോന്നുന്നില്ല.

**കെ. സച്ചിദാനന്ദൻ**




## ശാസ്ത്രീയ വിപ്ലവം-മുസ്‌ലിം റീഡർ

**ഹസീം മുഹമ്മദ്**

₹ 300/-

മുസ്‌ലിം ജ്ഞാനപാരമ്പര്യത്തിന്റെ പരിസരത്തുനിന്ന് പതിനാറു മുതൽ പതിനെട്ടുവരെ നൂറ്റാണ്ടുകളിൽ യൂറോപ്പിലുണ്ടായ ശാസ്ത്രീയ വിപ്ലവത്തെ വായിക്കാൻ ശ്രമിക്കുന്ന പുസ്തകം. ശാസ്ത്രത്തെ സംബന്ധിച്ച യൂറോ കേന്ദ്രീകൃതമായ അവകാശവാദങ്ങളെ നിരൂപണം ചെയ്യുകയും ശാസ്ത്രീയ ചരിത്രത്തിലെ മുസ്‌ലിം ജ്ഞാനപാരമ്പര്യത്തിന്റെ ചരിത്രപരമായ സ്ഥാനം അടയാളപ്പെടുത്തുകയും ചെയ്യുന്നുണ്ടിത്. ആധുനിക ശാസ്ത്രത്തിന്റെ ഉത്ഭവസ്രോതസ്സ് മുസ്‌ലിം സംസ്കാരമാണെന്ന അവകാശവാദത്തിന് ന്യായമായും സാധുതയുണ്ടെങ്കിൽപോലും എല്ലാ സംസ്കാരങ്ങൾക്കും ജനതതികൾക്കും അതിൽ ഏറിയോ കുറഞ്ഞോ പല കാലങ്ങളിലായി പങ്കാളിത്തമുണ്ടായിരുന്നു എന്നു പറയുന്നതാണ് കൂടുതൽ ശരിയെന്ന് ഗ്രന്ഥകർത്താവ് ഉപസംഹരിക്കുന്നു.




## സുകൃതം ജീവിതം

**ഹമീദ് ഖാസിമി വാണിമേൽ**

₹ 100/-

ചെറുതെന്നു തോന്നുന്ന ചില നന്മകൾ ജീവിതത്തിരക്കുകൾക്കിടയിൽ മറന്നുപോകാറുണ്ട് പലരും. അവയുടെ വീണ്ടെടുപ്പിന് നമ്മുടെ ഭാവിയെ മനോഹരമാക്കാൻ ശേഷിയുണ്ടെന്ന് ഓർമപ്പെടുത്തുകയാണ് ഈ കൊച്ചു കൃതി. ജീവിതംതന്നെ സുകൃതമാക്കാൻ വഴി കാട്ടുന്ന കുറിപ്പുകളാണിതിൽ.




## ഹൈഫയിലേക്ക് തിരിച്ചുപോകുന്നവർ

**ഗസ്സാൻ കനഫാനി**

**വിവർത്തനം: മുഹമ്മദലി വാഫി അങ്ങാടിപ്പുറം**

₹ 130/-

1948 ലെ നക്ബ ദിനങ്ങൾ. ലക്ഷക്കണക്കിന് ഫലസ്തീനികൾ നിഷ്ഠൂരമായി കൊലചെയ്യപ്പെടുകയും നിർബന്ധിതരായി കുടിയൊഴിപ്പിക്കപ്പെടുകയും ചെയ്ത സന്ദർഭം. തൊട്ടിലിൽ കിടന്ന കുഞ്ഞിനെപ്പോലും ഉപേക്ഷിച്ച് ഓടിപ്പോകേണ്ടിവന്നു ദമ്പതികളായ സഈദിനും സഫിയക്കും. 1967 ലെ നക്സാനന്തരം ലഭിച്ച ഇളവ്; ഫലസ്തീനികൾക്ക് മുമ്പിൽ അതിർത്തികൾ തുറക്കപ്പെട്ടു. ഇരുപതു വർഷങ്ങൾക്കുശേഷം ആ ദമ്പതികൾ തിരിച്ചുവരുന്നു, ജന്മനാടായ ഹൈഫയിലേക്ക്. എന്നാൽ, എല്ലാ പ്രതീക്ഷകളും വീണുടഞ്ഞ് അവർക്ക് മടങ്ങേണ്ടിവന്ന കഥ. ഫലസ്തീൻ ജനത നേരിടുന്ന ഭീതിതമായ പ്രതിസന്ധികളെ സൂക്ഷ്മമായി പിന്തുടരുന്ന നോവൽ.




## ഫർമാഇശ്

### ഓർമകളുടെ പാട്ടുപുസ്തകം

**മുർഷിദ് മോളൂർ**

₹ 170/-

ഒറ്റപ്പെട്ടുപോയ മനുഷ്യരുടെ കൈപിടിക്കാനെത്തുന്ന കൂട്ടുകാരെപ്പോലെയാണ് ഗസലുകൾ. അത് ജഗ്ജിത് സിംഗിന്റെ മാന്ത്രിക ശബ്ദത്തിലാകുമ്പോൾ ഹൃദയത്തിന്റെ മുറിവുകളിൽ മരുന്നു പുരളും.

ജഗ്ജിത് സിംഗിന്റെ പ്രസിദ്ധമായ പാട്ടുകളിൽനിന്ന് മുർഷിദ് മോളൂർ തെരഞ്ഞെടുത്ത ചിലതിന്റെ വ്യാഖ്യാനമാണ് ഫർമാഇശ്. ഉർദു ഭാഷ വശമില്ലാത്തവർക്കു കൂടി ഗസലുകളുടെ ആഴവും പരപ്പും കാണിച്ചുതരാൻ ഈ ലഘു കൃതിക്ക് കഴിയും.

ഡോ. അശോക് ഡിക്രൂസിന്റെ അവതാരിക. നദീം നൗഷാദിന്റെ പഠനം.




## ഇസ്‌ലാമോഫോബിയ

### പഠനങ്ങൾ സംവാദങ്ങൾ

**സുദേഷ് എം. രഘു, സലീം ദേളി**

₹ 275/-

ആധുനിക വംശീയ പ്രയോഗമെന്ന നിലയിൽ ഇസ്‌ലാമോഫോബിയ നമ്മുടെ സാമൂഹിക-രാഷ്ട്രീയ ജീവിതത്തെ നിർണയിക്കുന്നുണ്ട്. മുസ്‌ലിം എന്നു തോന്നിപ്പിക്കുന്ന അടയാളങ്ങളെ, സാമൂഹിക സാഹചര്യങ്ങളെ, വ്യക്തികളെ, ചിഹ്നങ്ങളെ ലക്ഷ്യംവക്കുന്ന വംശീയപദ്ധതി കൂടിയാണ് അത്.

അന്തർദേശീയ-ദേശീയ രംഗങ്ങളിലെ അക്കാദമിക്കുകളുടെ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന കൃതി, ആഗോളതലത്തിലും ഇന്ത്യയിലും പല വിധത്തിൽ ദൃശ്യമായ ഇസ്ലാമോഫോബിയ അനാവരണം ചെയ്യുന്നു. ഇടതു മതേതര പുരോഗമന കേരളമോഡലിൽ മുസ്ലിംവിരുദ്ധത എങ്ങനെ പ്രവർത്തിക്കുന്നുവെന്നും പുസ്തകം പരിശോധിക്കുന്നു.




## Manqus Mawlid
### A Versified Translation Of The Prophetic Eulogy

Sheikh Zaynuddin Makhdum I

Translator: Mohammed Mishad K

₹ 120/-

In the heartland of the Mappila community, amidst the rhythms of devotion and celebration, lies a treasure of profound significance - Manqūs Mawlid. This devotional composition, woven into collective recitations on various occasions, emanates a timeless literary charm. Yet, beneath the mellifluous verses, its depth often remains veiled in mystery.

Embark on an enlightening journey into the heart of this beloved tradition with prose narratives, poetic verses skillfully translated into traditional English verse, and essential exegesis, and delve deep into its profound meaning.




## ലോഗോസ്
### മനുഷ്യൻ, മതം, തത്ത്വചിന്ത

ഖിള്ർ പി.ടി തറയിട്ടാൽ

₹ 170/-

മതദാർശനിക പഠനത്തിൽ പുതുമയുള്ള ഇടപെടലാണിത്. ആധുനിക-ആധുനികാനന്തര സമൂഹങ്ങൾ ആഴമേറിയ സ്വത്വപ്രതിസന്ധികളെ നേരിടുന്നുണ്ട്. അതിനുള്ള ആത്യന്തിക പരിഹാരമായി മതം ഉയർത്തിക്കാട്ടുകയല്ല ഗ്രന്ഥകാരൻ ചെയ്യുന്നത്. ഈ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനായി ദൈവശാസ്ത്രത്തെ ശാസ്ത്രവും സാമൂഹികശാസ്ത്രവും ഇന്നെത്തിച്ചേർന്നിട്ടുള്ള ഉത്തരങ്ങളുടെകൂടി അടിസ്ഥാനത്തിൽ പരിശോധിക്കുകയും മതദാർശനികതയുടെ സാംഗത്യവും സാന്നിധ്യവും അടയാളപ്പെടുത്തുകയും ചെയ്യുക എന്ന ഉത്തരവാദിത്തമാണ് ഈ പുസ്തകത്തിലെ ലേഖനങ്ങൾ ഏറ്റെടുത്തിട്ടുള്ളത്.

അവതാരികയിൽ: ടി.ടി ശ്രീകുമാർ




## തരീമിലെ കുടീരങ്ങൾ

**എങ്സെങ് ഹോ**

വിവർത്തനം: എ.കെ അബ്ദുൽ മജീദ്

₹ 550/-

ഇന്ത്യൻ മഹാസമുദ്രത്തിലൂടെയുള്ള അഞ്ചുനൂറ്റാണ്ടു കാലത്തെ കുടിയേറ്റങ്ങളുടെ കഥയാണ് 'തരീമിലെ കുടീരങ്ങൾ.' അറേബ്യയിൽ തുടങ്ങി ഇന്ത്യൻ ഉപഭൂഖണ്ഡത്തിലേക്കും ദക്ഷിണപൂർവേഷ്യയിലേക്കും വ്യാപിച്ച ഹള്റമി സയ്യിദുമാരുടെ വംശാവലി ചരിത്രം. അതാതിടങ്ങളിൽ നിലയുറപ്പിച്ചപ്പോഴും അവർ വിശ്വപൗരത്വം നിലനിർത്തിയതിന്റെ നരവംശശാസ്ത്ര വിവരണം. കോളനീകരണത്തിന്റെ ശാക്തിക ദ്വന്ദ്വങ്ങൾക്കപ്പുറം യൂറോപ്യൻ സാമ്രാജ്യങ്ങളുമായി നടത്തിയ നീക്കുപോക്കുകളുടെ സാക്ഷ്യം. നരവംശശാസ്ത്രത്തിന്റെയും വംശാവലിചരിത്രത്തിന്റെയും സങ്കേതങ്ങളെ വിദഗ്ധമായി സംയോജിപ്പിക്കുകവഴി ബഹുസാംസ്കാരിക പഠനങ്ങൾക്ക് പുതിയ ദിശ കാണിച്ച കൃതി.




## അംബേദ്കറും അയിത്തവും

**ജാതിവിശകലനം, പോരാട്ടം**

**ക്രിസ്റ്റോഫ് ജാഫ്രെലോ**

വിവർത്തനം: അഫീഫ് അഹ്മദ്

₹ 290/-

ആധുനിക ഇന്ത്യയുടെ ഗതി നിർണയിച്ച അതികായരിലൊരാളാണ് ഡോ. ബി.ആർ അംബേദ്കർ. ജാതിയിലധിഷ്ഠിതമായ ഇന്ത്യൻ സമൂഹത്തെക്കുറിച്ചുള്ള ബൗദ്ധിക വിശകലനങ്ങളിലൂടെയും ജാതിവിരുദ്ധമായ രാഷ്ട്രീയപോരാട്ടങ്ങളിലൂടെയും അദ്ദേഹം നടത്തിയ ഇടപെടലുകൾ ഇന്ത്യയുടെ ചരിത്രത്തിലെ വിസ്മരിക്കാനാവാത്ത അധ്യായങ്ങളാണ്. അംബേദ്കറുടെ ബൗദ്ധികചിന്തയെയും രാഷ്ട്രീയപ്രവർത്തനങ്ങളെയും സംയോജിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ വിശകലനമാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. ആധുനിക ഇന്ത്യയുടെ രാഷ്ട്രീയ വിശകലനങ്ങളിൽ ഏറ്റവും ശ്രദ്ധേയ ശബ്ദമായ ഫ്രഞ്ച് പണ്ഡിതൻ ക്രിസ്റ്റോഫ് ജാഫ്രെലോയാണ് പുസ്തകത്തിന്റെ രചയിതാവ്. ഇന്ത്യൻ രാഷ്ട്രീയ സമൂഹത്തിലെ വിടവുകളെയും വിള്ളലുകളെയും തുറന്നുകാണിക്കുന്ന വളരെ ചുരുക്കം നിരീക്ഷകരിലൊരാളായ ജാഫ്രെലോയുടെ രാഷ്ട്രീയബോധ്യവും രചനാവൈദഗ്ധ്യവും, ഈ പുസ്തകത്തെ അംബേദ്കറിനെക്കുറിച്ചുള്ള മറ്റു പുസ്തകങ്ങളിൽ നിന്നു വേറിട്ടുനിർത്തുന്നു.




## ദേശീയത, ഫെമിനിസം

**പ്രതിവ്യവഹാരങ്ങളുടെ രാഷ്ട്രീയം**

**ഡോ. ബി.എസ് ഷെറിൻ**

₹ 180/-

മുഖ്യധാരാ ഫെമിനിസത്തിന്റെ ദാർശനികമായ പരിമിതികൾ, രാഷ്ട്രീയമായ മൗനങ്ങൾ, ചരിത്രരാഹിത്യങ്ങൾ, സ്ത്രീവിമോചനത്തെക്കുറിച്ച് അത് ഉയർത്തിപ്പിടിക്കുന്ന ശരാശരി മാതൃകകൾ, മതബോധവുമായുള്ള അതിന്റെ ഇടർച്ചകൾ, സൈദ്ധാന്തികമായ ന്യൂനീകരണങ്ങൾ, രീതിപരമായ പോരായ്മകൾ തുടങ്ങിയവ തുറന്നുകാട്ടുന്ന പതിനൊന്ന് ലേഖനങ്ങൾ. പൊതുസമൂഹത്തിന്റെ തെറ്റായ നിഗമനങ്ങളോടും നിലപാടുകളോടുമുള്ള വിമർശനങ്ങളും വിയോജിപ്പുകളും ശക്തമായി ഉന്നയിക്കുന്ന കുറിപ്പുകൾ.

അവതാരിക/ **ടി.ടി ശ്രീകുമാർ**




## സമൂഹം, സാഹിത്യം, സംസ്കാരം

**വർത്തമാന ഇന്ത്യയിലെ**
**വ്യത്യസ്തപാഠങ്ങളുടെ വായന**

**ഒ.കെ. സന്തോഷ്**

₹ 210/-

ഇന്ത്യയുടെയും കേരളത്തിൻറെതന്നെയും മുഖ്യധാരയിൽ അർഹിക്കുന്ന ഇടം നിഷേധിക്കപ്പെട്ട, ദലിത് സൗന്ദര്യശാസ്ത്രവും ഭാഷാ–സാംസ്കാരിക പരിസരവും ഉറക്കെ കോറിയിടപ്പെടുന്ന കൃതി. ഗാന്ധിയുടെ സനാതനധർമത്തിൽതുടങ്ങി, കെ.കെ കൊച്ചിൻറെയും എ.കെ രവീന്ദ്രൻറെയും ആശയമണ്ഡലങ്ങളിലേക്ക് വ്യാപിക്കുന്ന പ്രമേയവൈവിധ്യം. രാഷ്ട്രീയവും സൗന്ദര്യശാസ്ത്രവും സാമൂഹികവിമർശനവും ചർച്ചയാവുന്നുണ്ടിതിൽ. പുറംവായനയിൽ വേറിട്ടതെന്നു തോന്നുമെങ്കിലും അവയെ ചേർത്തുനിർത്തുന്ന സവിശേഷമായൊരു വിമർശനപദ്ധതി തന്നെയാണ് ഈ പുസ്തകത്തെ വ്യതിരിക്തമാക്കുന്നത്. ദേശീയതലത്തിൽ അംബേദ്കറിൽ ആരംഭിച്ച് കേരളത്തിൽ കെ.കെ കൊച്ച് അടക്കമുള്ള അനേകം പേരിലൂടെ വികസിച്ചുവന്ന പ്രതിസ്വരങ്ങളുടെ തുടർച്ചയാണിത്. ഈ ഗണത്തിലെ അവഗണിക്കപ്പെടാനാവാത്ത സാന്നിധ്യമായിരിക്കുകയാണ് ഗ്രന്ഥകാരൻ ഒ.കെ സന്തോഷ്.




## പുതുമൊഴി

**മലയാളത്തിലെ പുതിയകാല എഴുത്തുകൾ**

**ദിവ്യ ജോൺ ജോസ്**

₹ 230/-

കഴിഞ്ഞ പത്തിരുപതു വർഷത്തിനുള്ളിൽ മലയാളത്തിലുണ്ടായിട്ടുള്ള ഇരുപത്തിമൂന്ന് എഴുത്തുകാരെയും അവരുടെ എഴുത്തുകളെയും ആഴത്തിൽ പരിശോധിക്കുകയാണ് 'പുതുമൊഴി. ലോകത്തെല്ലായിടത്തുമുള്ള സാഹിത്യ ചലനങ്ങൾ, പുതിയ ട്രെൻഡുകൾ, എഴുത്തിന്റെ രാഷ്ട്രീയം എന്നിവ കൃത്യമായി വീക്ഷിക്കുന്ന ദിവ്യയുടെ കാതലായ സാഹിത്യ വിമർശനങ്ങൾ പ്രാധാന്യമർഹിക്കുന്നുണ്ട്.
തങ്ങളുടെ എഴുത്തുജീവിതം, നിലപാടുകൾ, വിമർശനങ്ങൾക്കുള്ള മറുപടികൾ, സ്വപ്നങ്ങൾ എന്നിവയെക്കുറിച്ച് മനസ്സുതുറക്കുന്ന എഴുത്തുകാരുടെ അഭിമുഖവും ഇതോടു ചേർത്തിട്ടുണ്ട്. ക്രിയാത്മകമായ നിരൂപണത്തിന്റെ നല്ല മാതൃക കൂടിയാണീ കൃതി.




## വീർസാൽ

**ഡോ. മുഹ്സിന കെ. ഇസ്മായിൽ**

₹ 140/-

ഇന്ത്യ-പാക് വിഭജന കലാപങ്ങളിൽപെട്ട് ഇരു രാജ്യങ്ങളിലായി വേർപിരിഞ്ഞുപോയ രണ്ടു സഹോദരങ്ങൾ. എഴുപത്തിയഞ്ച് വർഷങ്ങൾക്കുശേഷം ഇരുവരും കർത്താർപൂർ കോറിഡോറിൽ വച്ച് കണ്ടുമുട്ടുന്നു. നൂറ്റാണ്ടുകളുടെ ഭരണപാരമ്പര്യമുള്ള വീർസാൽ രാജകുടുംബത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കപ്പെട്ട ഈ നോവൽ ഉദ്വേഗജനകമായ വായനയാണ് സമ്മാനിക്കുന്നത്.

'ലളിതമായ ഭാഷ, വ്യത്യസ്തമായ അന്തരീക്ഷം, മലയാളം സ്വീകരിക്കാത്ത പ്രമേയം, കൗതുകം ഉണർത്തുന്ന കഥാപാത്രങ്ങൾ, ഒരു ത്രില്ലറിനെ അനുസ്മരിപ്പിക്കുന്ന രീതിയിൽ വിടരുന്ന അധ്യായങ്ങൾ. മലയാളം ഇനിയും കാണാത്ത, പരീക്ഷിക്കാത്ത ഒരു ഇടത്തിലൂടെയാണ് ഈ നോവൽ പോകുന്നത്.'

**-ഇന്ദുമേനോൻ**




# കൂബകൂ. Co

ഹന്ന മെഹ്തർ

₹ 210/-

അകത്തിരിക്കണമെന്നു പറഞ്ഞ കൊറോണക്കാലത്ത് പുറത്തുചാടിയൊരു പെൺകുട്ടി. അവൾ രാജസ്ഥാൻ, കാശ്മീർ, ബംഗാൾ സ്റ്റേറ്റുകളിലൂടെ സഞ്ചരിച്ചു. പലയിടത്തായി മാസങ്ങളോളം താമസിച്ചു. അവിടത്തെ സാമൂഹിക സാംസ്കാരിക യാഥാർഥ്യങ്ങളുടെ നോവും വൈവിധ്യത്തിന്റെ നിറവും തൊട്ടറിഞ്ഞു. വേദനകൾക്കിടയിലും സ്നേഹിക്കാൻ മാത്രമറിയുന്ന അനേകം മനുഷ്യരെ കണ്ടെത്തി. ഒട്ടുംപരിചയമില്ലാത്ത അപരയെ വീട്ടിലേറ്റി സൽക്കരിക്കുകയും കിടപ്പാടം ഒരുക്കുകയും ചെയ്ത കാശ്മീരികളെ കണ്ടു. അവൾ അനുഭവിച്ച മനുഷ്യരുടെയും മനുഷ്യത്വത്തിന്റെയും കഥയാണ് കൂബകൂ.Co

അവതാരിക/ **കെ.എ ബീന**




# കാറ്റോശയും പിഞ്ഞാണവും

**ലക്ഷദ്വീപ് ഡയറി**

**അബ്ദുൾ റഷീദ്**

വിവർത്തനം: എ.കെ. റിയാസ് മുഹമ്മദ്

₹ 140/-

ചെറുപ്പകാലത്തെ ഓർമകളിലെ പിഞ്ഞാണപ്പാത്രം തേടിയുള്ള അബ്ദുൾ റഷീദിന്റെ ലക്ഷദ്വീപിലൂടെയുള്ള സഞ്ചാരം. ചരിത്രവും ഫാന്റസിയും ആധ്യാത്മികതയും അസ്തിത്വ ചോദ്യങ്ങളും ഉത്തരങ്ങളും പ്രണയവും ഉന്മാദവും എന്നിങ്ങനെ വായനക്കാരനെ ഭ്രമാത്മകമായ ലോകത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്ന മാസ്മരിക എഴുത്ത്.
എ.കെ. റിയാസ് മുഹമ്മദിന്റെ മികച്ച വിവർത്തനം




## മാപ്പിള പ്രതികാവ്യ പാരമ്പര്യവും മൊഗ്രാൽ ഇശൽപെരുമയും

**എം.എ റഹ്മാൻ**

₹ 200/-

കാസർഗോട്ടെ മൊഗ്രാൽ എന്നു പേരുള്ള കൂടുതലാരുമറിയാത്ത പാട്ടുഗ്രാമം. ദക്ഷിണേന്ത്യയിലെയും ഉത്തരേന്ത്യയിലെയും സൂഫികളും ഫക്കീറുമാരും ഖവ്വാലികളും ഗസലുകളും പാടിയും പാട്ടുകെട്ടിയും ഉണ്ടാക്കിയ 'ഇശൽഗ്രാമം.' ഒരു ഗ്രാമം മുഴുവൻ പാട്ടുണ്ടാക്കുന്നവരും അതാസ്വദിക്കുന്നവരുമായ അപൂർവ പാരമ്പര്യത്തിന്റെ കഥ. മാപ്പിളയുടെ പ്രതിബോധകാവ്യപാരമ്പര്യത്തെ മൊഗ്രാൽ എങ്ങനെ കൃത്യമായി അടയാളപ്പെടുത്തുന്നുവെന്നു പരിശോധിക്കുകയാണ് നിരവധി അവാർഡുകൾ നേടിയ 'ഇശൽഗ്രാമം' ഡോക്യുമെന്ററിയുടെ ഉപജ്ഞാതാവുകൂടിയായ ഗ്രന്ഥകാരൻ. ഡോക്യുമെന്ററിയുടെ സമ്പൂർണ തിരക്കഥയും മാപ്പിള ഇശൽ പാരമ്പര്യത്തെക്കുറിച്ചുള്ള ഗഹനമായ പഠനങ്ങളും അമീൻ ഷ ഇ.എമ്മിന്റെ പ്രൗഢമായ അവതാരികയും ഇതോടു ചേർത്തിട്ടുണ്ട്.




## മുഗളന്മാരും സൂഫികളും

**രാജതന്ത്രങ്ങളുടെ ഉദ്വേഗ നിമിഷങ്ങളിലൂടെ**

**മുഹമ്മദ് ഷമീർ കൈപങ്ങര**

₹ 290/-

അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, ഇന്ത്യ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലായി വ്യാപിച്ചുകിടന്ന മുഗൾ സാമ്രാജ്യം. വിസ്തൃതമായ ഭൂപ്രദേശവും സാമ്പത്തികാഭിവൃദ്ധിയുംകൊണ്ട് പുകൾപെറ്റ രാജവംശം. ദീർഘകാലം, എ.ഡി 1526 മുതൽ 1857 വരെ, ഇന്ത്യ ഭരിച്ച ഭരണകൂടം. യുദ്ധങ്ങൾക്കും രാഷ്ട്രീയ അട്ടിമറികൾക്കും പഞ്ഞമില്ലാതിരുന്ന കാലത്ത്, വലിയൊരു സാമ്രാജ്യം ഇത്രയധികം കാലം ഉലയാതെ പിടിച്ചുനിന്നതെങ്ങനെയെന്ന കൗതുകകരമായ ചോദ്യത്തിന് ഉത്തരം തേടുകയാണ് ഈ പുസ്തകം. മുഗൾ ചക്രവർത്തിമാരുടെ അധികാരാരോഹണത്തിന്റെയും അവരോഹണത്തിന്റെയും ചരിത്രവും, അവർക്ക് കൈത്താങ്ങായ സൂഫികളെയും, അവർക്കൊപ്പം ജീവിച്ചവരുടെ കുറിപ്പുകൾ മുഖ്യ സ്രോതസ്സുകളാക്കി വായിച്ചെടുക്കുന്നു. വായനക്കാരന്റെ ഭാവനയെ മുഗൾ കാലഘട്ടത്തിലൂടെ വഴിനടത്താൻപോന്നതാണ് രാജതന്ത്രങ്ങളിലൂടെയും കൊട്ടാര രഹസ്യങ്ങളിലൂടെയും കടന്നുപോകുന്ന ഈ കൃതി.




## മുസ്‌ലിം സുഹൃത്തിന്

**മുസ്‌ലിം സുഹൃത്തിൽ താൽപര്യമുള്ളവർക്കും**

**എ.പി. കുഞ്ഞാമു, എൻ.എ. റഹീം, കെ. അബൂബക്കർ**

₹ 300/-

മുഖ്യധാരയിൽ ചർച്ചചെയ്യപ്പെടുന്ന വിവിധ മുസ്‌ലിം വിഷയങ്ങളെ വിലയിരുത്തുന്ന കൃതി. സാഹിത്യ - സ്ംസ്കാരിക രംഗങ്ങളിൽ ശ്രദ്ധേയരായ നിരവധി എഴുത്തുകാർ തങ്ങളുടെ നിലപാട് വ്യക്തമാക്കുന്നു. ആത്മീയത, രാഷ്ട്രീയം, നിഖാബ്, ശരീഅത്ത്, സെക്കുലരിസം, ഇസ്‌ലാമോഫോബിയ, മുസ്‌ലിം ലീഗ്, വർഗീയത, ന്യൂനപക്ഷം തുടങ്ങി മുസ്‌ലിംകളുമായി ചേർന്നുനിൽക്കുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.




## മലപ്പുറം മനസ്സ്

**ജില്ലയുടെ മതേതരവഴികളിലൂടെ ഒരു യാത്ര**

**ശംസുദ്ദീൻ മുബാറക്**

₹ 210/-

'മലപ്പുറം മനസ്സ്' എന്നെ വല്ലാതെ വിസ്മയിപ്പിച്ചു. ചെറിയ ചെറിയ മനുഷ്യരുടെ വലിയ വലിയ കാര്യങ്ങളാണ് ഇതിന്റെ ഉള്ളടക്കം. ഇതു വായിച്ചു കഴിഞ്ഞാൽ നമുക്ക് ബോധ്യപ്പെടും, ഇവരാണ് നമുക്കിടയിലെ ഏറ്റവും വലിയ മനുഷ്യരെന്ന്. അത്രയും മഹത്തരമായ സന്ദേശമാണ് ഇവരുടെ ജീവിതം നമുക്ക് പകർന്നുതരുന്നത്. ഈ പുസ്തകത്തിലെ നൂറോളം കുഞ്ഞുകുഞ്ഞു കഥകൾ വായിക്കുന്ന ഒരാൾക്കും മറ്റുള്ളവരെ സ്നേഹിക്കാതിരിക്കാൻ കഴിയില്ലെന്ന് നൂറു ശതമാനം എനിക്കു പറയാനാകും. ഏതു കടുത്ത മനസ്സും ആർദ്രമാകാതെ മലപ്പുറം മനസ്സിന്റെ വായന പൂർത്തിയാക്കാനാകില്ല.

**- വി.ഡി സതീശൻ**




## സമത

**ദലിത് ഗോത്ര ബഹുജന കഥകൾ**

**എഡി. എം.ബി മനോജ്**

₹ 170/-

എഴുത്തിന്റെ ലക്ഷ്യം എന്ത് എന്നതിന് കൂടുതൽ ജനാധിപത്യപരമായ സമൂഹനിർമിതി എന്ന ഉത്തരമായിരിക്കും ഉചിതം. മനുഷ്യരോടും പ്രകൃതിയോടും ജന്തുക്കളോടും പുലർത്തേണ്ട അടിസ്ഥാനപരമായ വികാരം സമത്വം എന്നതായിരിക്കും. അങ്ങനെ ഒരു ലക്ഷ്യത്തെ മുൻനിർത്തിയാണ് ഈ പുസ്തകത്തിന് സമത എന്ന പേരു നൽകിയിട്ടുള്ളത്. സമതയെ ലക്ഷ്യംവക്കുന്നു ഇതിലെ കഥകൾ.




## സുഹ്റ W/o മജീദ്

**റഹീമ ശൈഖ് മുബാറക്ക്**

₹ 140/-

'റഹീമയുടെ ഈ കഥാസമാഹാരത്തെ ഉപമിക്കാൻ തോന്നുന്നത്, ഒരു വൃക്ഷത്തോടാണ്. മനുഷ്യമനസ്സിന്റെ സങ്കീർണതകളുടെ ആഴത്തിലേക്ക് വേരൂന്നിയത്; എന്നാൽ പടർന്നു ശാഖകളാവുന്നത് വൈവിധ്യത്തിന്റെ ആകാശത്തിലേക്കാണ്.'

**-സഹീറ തങ്ങൾ**

ഒരു സാമൂഹികജീവിയെന്ന നിലയിൽ മനുഷ്യന്റെ സങ്കീർണമായ ബന്ധങ്ങളെ നൂറ്റെടുക്കുന്നു ഇതിലെ ഓരോ കഥയും. പ്രണയം, നൈരാശ്യം, കരുണ, പക, കാമം തുടങ്ങി അവന്റെ/അവളുടെ അടിസ്ഥാന വികാരങ്ങൾ അതിനു നിറംകൊടുക്കുന്നു.




## ഭാഗ്യവതി

**ഡോ. ആഇദുൽ ഖർനി**

വിവർത്തനം: വേങ്ങൂർ സ്വലാഹുദ്ദീൻ റഹ്മാനി

₹ 350/-

ഡോ. ആഇദുൽ ഖർനിയുടെ 'അസ്അദു ഇംറഅതിൻ ഫിൽആലം' എന്ന അറബി ഗ്രന്ഥത്തിന്റെ മലയാള സ്വതന്ത്രവിവർത്തനം. മനസ്സിൽ തറക്കുന്ന ഭാഷയിൽ നുറുങ്ങുചിന്തകളെ കൊച്ചുകുറിപ്പുകളായി അവതരിപ്പിക്കുന്നു. പുസ്തകത്തിന്റെ ആദ്യാന്തം വേറിട്ട ആഖ്യാനവും ആശയവിന്യാസവും. ജീവിതത്തെ ആത്മവിശ്വാസത്തോടെ സമീപിക്കാൻ വിശ്വാസി വനിതകളെ പ്രചോദിപ്പിക്കുന്ന രചന.




## മലയാള സൂഫികവിത

**ഡോ. മുനവ്വർ ഹാനിഹ് ടി.ടി**

₹ 450/-

ഇച്ച അബ്ദുൽ ഖാദർ മസ്താൻ, കടായിക്കൽ പുലവർ മൊയ്തീൻ കുട്ടി ഹാജി, ഹാജി എസ്. കെ അബ്ദുറസാഖ് മസ്താൻ, കെ.വി അബൂബക്ർ മാസ്റ്റർ എന്നിവരുടെ കവിതകളും അവയുടെ വിശകലനവും. മലയാള സാഹിത്യത്തിൽ 'മലയാള സൂഫികവിത' എന്ന ധാരയെ പരിചയപ്പെടുത്തുന്ന കൃതി.




## സയ്യിദ് ഫള്ൽ

ഒരു ആഗോള മുസ്‌ലിമിന്റെ
സഞ്ചാരപഥങ്ങൾ

**ഡോ. മുസ്തഫ ഊജമ്പാടി**

₹ 300/-

പത്തൊമ്പതാം നൂറ്റാണ്ടിലെ പ്രമുഖ ആഗോള മുസ്‌ലിം പണ്ഡിതനായിരുന്ന സയ്യിദ് ഫള്ലിന്റെ ആത്മീയവും സാമൂഹികവും രാഷ്ട്രീയവുമായ ജീവിതത്തെ സമഗ്രമായി അപഗ്രഥിക്കുന്ന ഗ്രന്ഥം. ഒട്ടോമൻ സാമ്രാജ്യവുമായുള്ള അദ്ദേഹത്തിന്റെ ഇടപാടുകളെ അധികം പണ്ഡിതശ്രദ്ധ ലഭിക്കാത്ത ഒട്ടോമൻ ആർക്കൈവുകളുടെ സഹായത്തോടെ കണ്ടെടുക്കുന്നു. ബഹുലമായ രചനാലോകത്തെ വിശദമായി പരിചയപ്പെടുത്തുന്നു. ചരിത്രവിദ്യാർഥികൾക്കും ഇസ്‌ലാംപഠന ഗവേഷകർക്കും ഒരുപോലെ ഉപകാരപ്പെടുന്ന കൃതി.




## ഒരു മലയാളി പണ്ഡിതന്റെ ദേശാന്തര പഠനസഞ്ചാരങ്ങൾ

**ഡോ. മോയിൻ മലയമ്മ**

₹ 450/-

അസ്ഹരി തങ്ങൾ എന്ന മലയാളിയായ വിശ്വപണ്ഡിതന്റെ ദേശാന്തര പഠനസഞ്ചാരങ്ങളെ അടയാളപ്പെടുത്തുന്ന പുസ്തകം. ഒരു ബഹുമുഖ പ്രതിഭയായ തങ്ങളുടെ ജീവിതം, പഠനം, അധ്യാപനം, യാത്രകൾ, സാഹിത്യം, വിദ്യാഭ്യാസ ചിന്തകൾ തുടങ്ങിയവ ഇതിൽ പഠനവിധേയമാകുന്നു. ഒരു വ്യക്തിയുടെ ജീവചരിത്രം എന്നതിനപ്പുറം കേരളത്തിലെ മുസ്‌ലിംകളുടെ ഉന്നത മതപഠന യാത്രകളുടെ ചരിത്രം കൂടിയാണിത്. ഇന്ത്യയിലെയും വിദേശത്തെയും വിവിധ ഉന്നത പഠനകേന്ദ്രങ്ങളിലേക്ക് നൂറ്റാണ്ടുകളായി മലയാളി നടത്തിക്കൊണ്ടിരുന്ന യാത്രകളുടെ തുടർച്ചയെ ഇതിൽ അന്വേഷിക്കുന്നു.




## തിരുനബി മാഹാത്മ്യം

സമ്പാദനം:

**കെ.കെ മുഹമ്മദ് അബ്ദുൽ കരീം**

അവതാരിക:

**ഡോ. എൻ.വി.പി ഉണിത്തിരി**

₹ 180/-

മുഹമ്മദ് നബി(സ്വ). ആ അനുപമ വ്യക്തിത്വവും ഹൃദ്യജീവിതവും വിവിധ ദേശങ്ങളിൽ കവിതയായി പിറന്നിട്ടുണ്ട്, പല ഭാഷകളിലായി. മലയാളത്തിലും അതെമ്പാടും നടന്നു. അങ്ങനെ വിരിഞ്ഞ ഇരുപത് കവിതകളുടെ സമാഹാരമാണിത്. പ്രഗത്ഭരായ പതിനേഴ് കവികളാണ് ഇതിന്റെ ഉള്ളടക്കം തീർക്കുന്നത്.

അവരാരുംതന്നെ ഇസ്‌ലാംമത വിശ്വാസികളല്ലെന്ന പ്രത്യേകതയുമുണ്ട്. അതുകൊണ്ടുതന്നെ മലയാള പൊതുമണ്ഡലത്തിലെ സാമുദായിക സൗഹാർദത്തിനും പരമത ബഹുമാനത്തിനും മികച്ച ദൃഷ്ടാന്തമായി ഭവിക്കുന്നു ഈ കൃതി. കഠിനമെന്ന് തോന്നുന്ന പദങ്ങളെ അതതു പേജുകളിൽതന്നെ പരിചയപ്പെടുത്തുന്നു. കൂടെ, ആവശ്യമായ വിശദീകരണങ്ങളും ചേർത്തിട്ടുണ്ട്.




## ഈജിപ്തിലെ അതിസുന്ദരി

പുനരാഖ്യാനം:

**റിഹാൻ റാഷിദ്**

₹ 120/-

മന്ത്രിയുടെ മകളാണ് അൽഹുസുൻ. സുന്ദരിയായ അവളെ രാജാവ് വിവാഹം കഴിക്കാനൊരുങ്ങി. തന്റെ സഹോദരന്റെ മകനുമാത്രമേ അവളെ വിവാഹം കഴിപ്പിക്കുകയുള്ളൂവെന്ന് മന്ത്രി പറഞ്ഞു. രാജാവ് കുപിതനായി. അദ്ദേഹം കുതിരക്കാരൻ കാസിമിനെ വിളിച്ചുവരുത്തി. കൂനനും വിരൂപനുമായിരുന്നു കാസിം. അൽഹുസുനിനെ കാസിമിന് വിവാഹം ചെയ്തു കൊടുക്കാനുള്ള ഉത്തരവായി. മന്ത്രി വിഷമിച്ചു. അധികാരമുണ്ടായിട്ടും തന്റെ മകളെപ്പോലും രക്ഷിക്കാനാവുന്നില്ല അദ്ദേഹത്തിന്. ഒടുവിൽ അൽഹുസുനിനെ രക്ഷിക്കാൻ അന്യദേശത്തുനിന്ന് ഒരു സുമുഖനെത്തി. ആയിരത്തൊന്നു രാവുകളിലെ രസകരമായൊരു കഥ.




## വാക്വാക്

### അത്ഭുതങ്ങളുടെ ദ്വീപ്

പുനരാഖ്യാനം:

**റൈഹാന വടക്കാഞ്ചേരി**

₹ 140/-

കൊട്ടാരം കാഥികനായ അബു അലി കടുത്ത മനോദുഃഖത്തിലാണ്. രാജാവിന് ഇതുവരെ കേട്ടിട്ടില്ലാത്ത സാഹസികതയുടെ കഥ കേൾക്കണം. അറിയുന്ന കഥകളെല്ലാം പറഞ്ഞു തീർന്നിരിക്കുന്നു. വീട്ടിൽ നിന്നെങ്ങും പുറത്തു പോവാതെ ഒരു വർഷത്തിനുള്ളിൽ കഥ കണ്ടെത്തണം. ഇല്ലെങ്കിൽ വധശിക്ഷ ഉറപ്പ്. ജീവന്റെ വിലയുള്ള കഥക്കു വേണ്ടി അബു അലി ഒരു വഴി കണ്ടെത്തുന്നു. വിചിത്രമായ പശ്ചാത്തലമുള്ള ആ കഥ വായിക്കാം.




## അങ്ങനെയൊക്കെയാണ് നമുക്കിടയിലൊരു മതിൽ മുളച്ചുപൊന്തുന്നത്..!

**മുസാഫിർ വെള്ളില**

₹ 130/-

പുതുകവിതയുടെ സ്വഭാവംതന്നെ ഓർമ എന്ന വികാരത്തെ നവസാങ്കേതിക ബോധത്തോടെ നവീകരിക്കുന്നതാണ്. മുസാഫിർ വെള്ളിലയുടെ കവിതകളുടെ പണിയിലും ഈ സവിശേഷത കടന്നുവരുന്നുണ്ട്.

**- ഡോ. ഉമർ തറമേൽ**

അടുത്ത കാലത്ത് വായിച്ചവയിൽ, മനോഹരമായ ചില ഭാഷാപ്രയോഗങ്ങൾക്കൊണ്ട് ഹൃദയത്തിൽ തട്ടിയ കവിതകളാണ് മുസാഫിർ വെള്ളിലയുടെ ഈ കവിതാ സമാഹാരത്തിലുള്ളത്. ഈ കവി എത്ര വെന്തുനീറിയിരിക്കും ഓരോ കവിതക്കു പിറകിലും!

**-പവിത്രൻ തീക്കുനി**




## ഫലസ്തീൻ
## കുടിയിറക്കപ്പെടുന്നവരുടെ രാജ്യം

എഡിറ്റിംഗ്:

**ശബീബ് മമ്പാട്, സലീം ദേളി**

₹ 320/-

ഇസ്റാഈൽ-ഫലസ്തീൻ വിഷയത്തെ കേവലമൊരു സംഘർഷം എന്നതിലപ്പുറം കോളനിവൽക്കരണം, അധിനിവേശം, വംശീയവിവേചനം തുടങ്ങിയ സംജ്ഞകളുടെ പശ്ചാത്തലത്തിൽ അപഗ്രഥിക്കുന്ന മലയാളത്തിലെ ആദ്യ കൃതി. ഫലസ്തീൻ അധിനിവേശത്തിന്റെ ചരിത്രവഴികൾ, പോരാട്ടചരിത്രത്തിലെ പ്രധാന വ്യക്തികൾ, സാമൂഹിക-പാരിസ്ഥിതിക-മാധ്യമ മേഖലകളിൽ ഇസ്റാഈൽ നടത്തുന്ന വിവേചന പദ്ധതികൾ, പല അടരുകളുള്ള ഫലസ്തീനികളുടെ പ്രതിരോധ പോരാട്ടങ്ങൾ, ആഗോള പൗരസമൂഹവും അറബ് രാഷ്ട്രങ്ങളും വ്യത്യസ്ത സമയങ്ങളിൽ സ്വീകരിച്ച നിലപാടുകൾ, ഇന്ത്യയുടെ ഫലസ്തീൻ-ഇസ്റാഈൽ നയതന്ത്ര വീക്ഷണങ്ങൾ എന്നിവ വിഷയമായ ലേഖനങ്ങളുടെ സമാഹാരം.




## ഫലസ്തീൻ
## യുദ്ധത്തിന്റെ നൂറുവർഷങ്ങൾ

**റശീദ് ഖാലിദി**

വിവ: എ.പി കുഞ്ഞാമു

₹ 430/-

ദേശീയത, കോളനിവൽക്കരണം, വംശീയത, ആധിപത്യ മേൽക്കോയ്മ തുടങ്ങി അനേകം ഉൾപിരിവുകൾ പശ്ചിമേഷ്യയിലെ രാഷ്ട്രീയ പ്രതിസന്ധിക്കുണ്ട്. ബ്രിട്ടനും അമേരിക്കയും സയണിസ്റ്റ് പ്രസ്ഥാനവും അറബ് രാഷ്ട്രങ്ങളും ഫലസ്തീൻ നേതൃത്വവും ചേർന്ന് നടത്തിയ അന്തർനാടകങ്ങളാണ് ഈ അസ്വാസ്ഥ്യങ്ങൾക്ക് നിദാനമെന്ന് സ്ഥാപിക്കുകയാണ് ഈ ഗ്രന്ഥം. കുടുംബ ചരിത്രവും നയതന്ത്ര മേഖലയിലെ അനുഭവവും അക്കാദമിക കാഴ്ചപ്പാടുകളും ചേർത്തു വച്ച് നവീനമായൊരു വാദമുഖം തുറക്കുന്നു എന്നതാണ് ഈ കൃതിയുടെ മേന്മ.




## നിന്നുണങ്ങുന്ന മരങ്ങൾ

### ആധുനിക ഫലസ്തീൻ കഥകൾ- ഭാഗം ഒന്ന്

₹ 290/-




## ദിനോസറുകളുടെ മാർച്ച്

### ആധുനിക ഫലസ്തീൻ കഥകൾ- ഭാഗം രണ്ട്

₹ 275/-

ഫലസ്തീൻ ദേശത്തെക്കുറിച്ച് ആ മണ്ണിൽ കാലുറപ്പിച്ചുനിന്ന് എഴുതിയ കഥകൾ. സംഘർഷങ്ങൾക്കിടയിലും സംഭവിച്ച നാടകീയ മുഹൂർത്തങ്ങൾ. ഒരു നെടുവീർപ്പുപോലെ പറഞ്ഞുതീരാത്ത ആത്മഗതങ്ങൾ. ഒട്ടകലെ മാറിനിന്ന് ദീർഘനിശ്വാസത്തോടെ ഓർത്തെടുക്കുന്ന ആത്മാന്വേഷണങ്ങൾ. പരിഭവങ്ങൾ. പരിവേദനകൾ. പ്രതീക്ഷകൾ. എല്ലാം ഉൾച്ചേരുന്ന ഒരുനിര കഥകൾ ഈ സമാഹാരത്തിൽ നമ്മൾ കണ്ടുമുട്ടുന്നു.

സമാഹരണവും വിവർത്തനവും:
എസ്.എ ഖുദ്സി

**50 ആധുനിക ഫലസ്തീൻ കഥകൾ**




## ഇസ്ലാമിക് ഫൈനാൻസ് പ്രയോഗവും കർമശാസ്ത്രവും

**ഫൈസൽ നിയാസ് ഹുദവി**

₹ 350/-

ഇസ്ലാമിക് ഫൈനാൻസുമായി ബന്ധപ്പെട്ട പ്രധാന ചർച്ചകളെ മുസ്ലിംലോകം ഒരുപോലെ അംഗീകരിക്കുന്ന നാലു മദ്ഹബുകളിലെ ക്ലാസിക് ഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ പഠനവിധേയമാക്കുകയും അതിലെ വിവിധ നിലപാടുകളും ഫിഖ്ഹ് തുറക്കുന്ന അനന്ത സാധ്യതകളും വിശദീകരിക്കുകയും ചെയ്യുന്ന കൃതി. ബാങ്കിംഗ്, കാപിറ്റൽ മാർക്കറ്റ്, ഇൻഷുറൻസ് എന്നീ മേഖലകളിലെ ഇസ്ലാമിക നിയമങ്ങളും ഫിഖ്ഹ് മുന്നോട്ടുവക്കുന്ന ബദലുകളും അന്വേഷിക്കുന്ന പഠനം. പ്രൊ. കെ. ആലിക്കുട്ടി മുസ്ലിയാരുടെ അവതാരിക.




## എനിക്ക് ഹിന്ദുവാകാൻ കഴിഞ്ഞില്ല!

RSS വിട്ട ഒരു ദലിത് കർസേവകന്റെ കഥ

ഭവർ മെഘ്വൻഷി
വിവ: അനീസ് കമ്പളക്കാട്

₹ 300/-

വർത്തമാനകാല ഇന്ത്യൻ രാഷ്ട്രീയത്തിൽ ഹിന്ദുത്വ ദേശീയത എത്രമാത്രം അപകടകരമാണെന്നും അപരവിദ്വേഷത്തിൽ അധിഷ്ഠിതമാണെന്നും തിരിച്ചറിയാൻ സഹായിക്കുന്ന പുസ്തകം. സംഘപരിവാർ ആശയധാരക്കകത്ത് ദലിതർ അനുഭവിക്കുന്ന ജാതീയാധിക്ഷേപങ്ങളുടെയും അവകാശനിഷേധങ്ങളുടെയും നേർചിത്രം. മൈ ഏക് കര്സേവക് ഥാ എന്ന പേരിൽ 2019 ൽ പ്രസിദ്ധീകരിച്ച ഭവർ മെഘ്വൻഷിയുടെ ആത്മകഥ. I Could Not Be Hindu എന്ന പേരിൽ നിവേദിതാ മേനോൻ മൊഴിമാറ്റിയതിന്റെ മലയാള പതിപ്പ്. ഒ.കെ സന്തോഷിന്റെ അവതാരിക.







## മുത്തുനബിയും പിനിനീർപൂവും

**കെ. അബൂബക്കർ**

₹ 150/-

മുത്തുനബിയെന്ന വികാരത്തിന് ഭാഷയുടെ അതിരുകളില്ല. ആശിഖുകളുടെ പ്രണയപ്രകടനത്തിന് തീർത്തും ഫലപ്രദമായ ഉപാധികളുമില്ല. കാവ്യതല്ലജങ്ങളായിരുന്നു പലപ്പോഴും അവരുടെ പ്രണയാവിഷ്കാരത്തിന്റെ വഴി. ബോധത്തിലും ഉന്മാദത്തിലും ആശിഖുകൾ കവിതയെഴുതി. കാവ്യരസം നിറഞ്ഞ ഗദ്യവുമെഴുതി. ദേശവും കാലവും കടന്ന് അവ ആശിഖുകളുടെ മനസ്സിലും ആത്മാവിലും പ്രണയത്തിന്റെ വേലിയേറ്റങ്ങൾ തീർത്തു. മുത്തുനബിയെക്കുറിച്ച് പല ഭാഷകളിൽ എഴുതപ്പെട്ട പ്രണയമൊഴികളുടെ ആത്മാവു തേടുന്ന കാവ്യാത്മകക്കുറിപ്പുകളുടെ സമാഹാരം.

## മുഹമ്മദ് നബി പാശ്ചാത്യ ചിന്തകരുടെ ദൃഷ്ടിയിൽ

**എഡി: എ.കെ അബ്ദുൽ മജീദ്**

₹ 250/-

മാർട്ടിൻ ലിംഗ്സ് • മൈക്ക്ൾ എച്ച്. ഹാർട്ട് • കാരൻ ആംസ്ട്രോംഗ് • തോമസ് കാർലൈൽ • എഛ്.എ.ആർ ഗിബ്ബ് • ജോൺ എൽ. എസ്പോസിറ്റോ • ജെഫ്റി ലാംഗ് • ഫ്രിത്ജോഫ് ഷുവോൻ • ആനി ബസന്റ്




## മുഹമ്മദ് അവന്റെ തിരുദൂതർ

### ആൻമേരി ഷിമ്മൽ

**വിവ: എ.പി കുഞ്ഞാമു**

₹ 580/-

മുസ്‌ലിംകളുടെ ദൈനംദിന ജീവിതത്തിൽ മുഹമ്മദ് നബിയുടെ സ്ഥാനമെന്താണ്? ഇസ്‌ലാമിനെക്കുറിച്ചുള്ള പാശ്ചാത്യവായനകളിൽ പൊതുവെ കാണാതെപോയ ആ പ്രശ്നത്തിന്റെ ഉത്തരം തിരയുകയാണ് ജർമൻ എഴുത്തുകാരിയായ ആൻമേരി ഷിമ്മൽ. മുസ്‌ലിം ജീവിതം, സംസ്കാരം, കവിത, ആത്മീയത തുടങ്ങിയ പ്രതലങ്ങളിൽ നബിയുടെ അനുപമ സാന്നിധ്യം ഈ കൃതിയിൽ അനാവൃതമാവുന്നു. തിരുനബിയുടെ ജനനം, ജീവിതം, വിവാഹം, അത്ഭുതപ്രവൃത്തികൾ, സ്വർഗീയാരോഹണം തുടങ്ങിയ പ്രമേയങ്ങൾ മുസ്‌ലിം സാംസ്കാരിക ജീവിതത്തിൽ പ്രതിഫലിച്ച വിധം ഒരു പ്രണയിനിയുടെ കൗതുകത്തോടെ ഗ്രന്ഥകാരി തിരഞ്ഞുപോവുന്നു.




## അൽമുഹദ്ദിസാത്ത്; ഇസ്‌ലാമിലെ പണ്ഡിതവനിതകൾ

### ഡോ. അക്റം നദ്‌വി

**വിവ: അനീസ് കമ്പളക്കാട്**

₹ 400/-

പാരമ്പര്യ ഇസ്‌ലാമിനെ സ്ത്രീവിരുദ്ധമെന്ന് മുദ്രകുത്തുന്നവർ കാണാതെ പോവുകയോ സൗകര്യപൂർവം അവഗണിക്കുകയോ ചെയ്ത ഒരു ബൃഹദ് വനിതാപണ്ഡിതപാരമ്പര്യം ഇസ്‌ലാമിനുണ്ട്. ഓരോ നൂറ്റാണ്ടിലും ഹദീസുകൾക്കായി ജീവിതം നീക്കിവച്ച ആയിരക്കണക്കിന് വനിതകൾ. പഠനാവശ്യാർഥം അവർ നടത്തിയിരുന്ന ദീർഘമായ യാത്രകൾ. പഠിച്ച/രചിച്ച അനേകം ഗ്രന്ഥങ്ങൾ. ശരീഅത്തിലും സമൂഹത്തിലും അറിവുകൊണ്ട് നടത്തിയ ഇടപെടലുകൾ. ലിഖിതമായ രേഖകളിൽനിന്ന് ആ മഹാപാരമ്പര്യത്തെ കോർത്തെടുക്കുകയാണ് മുഹമ്മദ് അക്റം നദ്‌വി. ഒമ്പതിനായിരത്തിൽപരം ഹദീസ് പണ്ഡിതവനിതകളെക്കുറിച്ച് അദ്ദേഹം അറബിയിൽ പ്രസിദ്ധീകരിച്ച നാൽപത്തിമൂന്ന് വാള്യങ്ങളുള്ള ജീവചരിത്ര നിഘണ്ടുവിന്റെ സംക്ഷിപ്തമാണ് ഈ ഗ്രന്ഥം.




## ഇബ്നു സീന

**എ.കെ അബദുൽ മജീദ്**

₹ 220/-

അതിഭൗതിക ജ്ഞാനതലങ്ങൾ മുതൽ വൈദ്യശാസ്ത്രം വരെയുള്ള വിവിധ അറിവുരൂപങ്ങളിൽ ഒരേസമയം ഇടപെടുകയും ശ്രദ്ധേയമായ ചിന്തകൾ ഉൽപാദിപ്പിക്കുകയും ഗ്രന്ഥരചന നടത്തുകയും ചെയ്ത ഇബ്നു സീനയെ പരിചയപ്പെടുത്തുന്ന കൃതി. അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തിനപ്പുറം, വിവിധ ജ്ഞാനശാഖകളിൽ വച്ചുപുലർത്തിയ അഭിപ്രായ വൈജാത്യങ്ങളെ സരളമായി അവതരിപ്പിക്കുന്നുവെന്നതാണ് ഗ്രന്ഥത്തിന്റെ പ്രധാന സവിശേഷത. നിസ്സരണസിദ്ധാന്തത്തെ തുടർന്ന് വിശ്വാസരംഗത്ത് അദ്ദേഹം വഴിയൊരുക്കിയ സംവാദത്തെ തീർത്തും വായനക്ഷമവും താൽപര്യജനകവുമായാണ് ഇതിൽ കോർത്തിണക്കിയിരിക്കുന്നത്.




## ശൈഖ് ജീലാനി

**അബ്ദുല്ല ഫൈസി വേളം**

₹ 200/-

കറാമത്തുകൾ, മുഹ്‌യിദ്ദീൻ മാല, ഖാദിരിയ്യ ത്വരീഖത്ത് എന്നിവയിലൂടെ നൂറ്റാണ്ടുകളായി ശൈഖ് ജീലാനി നമുക്കിടയിൽ ജീവിച്ചുപോരുന്നുണ്ട്. പക്ഷേ, ആചാരബദ്ധങ്ങളിൽ മുഴുകിയ ആത്മീയ ഗുരു എന്ന സവിശേഷതയുടെ കെട്ടുപാടുകളിൽ മാത്രമായിരിക്കും നമ്മുടെ ജീലാനി സ്മരണകൾ. അതിനപ്പുറത്തുള്ള അദ്ദേഹത്തിന്റെ പ്രവർത്തന മണ്ഡലത്തിലേക്ക് നമ്മുടെ അറിവുകളും അന്വേഷണങ്ങളും വെളിച്ചംവീശുന്നില്ല. ഉലമാ ആക്ടിവിസം, രാഷ്ട്രീയം, അറിവുൽപാദനം, സംസ്കാരം എന്നീ മണ്ഡലങ്ങളിലെല്ലാം അദ്ദേഹം നിർണയിച്ച ചരിത്രപരമായ പങ്കിനെ മുൻനിർത്തിയുള്ള ഒരു വായന മലയാളത്തിന് അത്യാവശ്യമാണ്. അത്തരം വിടവുകളെ നികത്തുകയാണ് ഈ പുസ്തകം.




## സ്വലാഹുദ്ദീൻ അയ്യൂബി

**മജീദ് ഹുദവി പുതുപ്പറമ്പ്**

₹250/-

ഇസ്‌ലാമിക ചരിത്രത്തിലെ അതുല്യസാന്നിധ്യമായിരുന്ന സ്വലാഹുദ്ദീൻ അയ്യൂബിയുടെ ജീവചരിത്രം കാലദേശ സാഹചര്യങ്ങളോട് ചേർത്തുവായിക്കുന്ന കൃതി. അയ്യൂബിയുടെ വ്യക്തിജീവിതവും ഖുദ്സ് കീഴടക്കിയതിന്റെ വിശദവിവരണവും തുടർന്നുണ്ടായ സംഭവവികാസങ്ങളും പ്രതിപാദിക്കുന്നു. ഇതര അധികാരികളിൽനിന്ന് അയ്യൂബിയുടെ ഭരണപ്രക്രിയയെ വ്യത്യസ്തമാക്കിയ പ്രതിഭാസങ്ങളെ ചരിത്രരേഖകളുടെ അടിസ്ഥാനത്തിൽ വിവരിക്കുന്നു. കുരിശ് യുദ്ധങ്ങളുടെ സംഭവപാഠങ്ങൾ അന്വേഷിക്കുന്നവർക്ക് മികച്ചൊരു കൈപുസ്തകം.




## ശൈഖ് ഇസ്സ് ബ്ൻ അബ്ദിസ്സലാം

**ടി.എച്ച് ദാരിമി**

₹170/-

ഒരു വ്യവസ്ഥാപിത ജ്ഞാനശാഖയായി രൂപപ്പെടുന്നതിന് മുമ്പുതന്നെ മഖാസ്വിദുശ്ശരീഅയിൽ ഇടപെടുകയും പൻഗാമികളായ പണ്ഡിതരെ പ്രചോദിപ്പിക്കുന്ന ആശയങ്ങൾ പങ്കുവക്കുകയും ചെയ്ത മുസ്‌ലിംലോക ശിൽപിയാണ് ഇസ്സ് ബ്ൻ അബ്ദിസ്സലാം. ആധുനികാനന്തരകാലത്തും ചർച്ചകൾ നിലക്കാത്ത മുൻഗണനാകർമശാസ്ത്രത്തിൽ മസ്വാലിഹ്-മഫാസിദ് അച്ചുതണ്ടാക്കി മതവിധി രൂപപ്പെടുത്തി എന്നതാണ് ഇസ്സിന്റെ സവിശേഷത. മുസ്‌ലിം ബൗദ്ധിക വ്യവഹാരങ്ങളിൽ ക്രിയാത്മകമായി ഇടപെടുമ്പോഴും സാമൂഹിക-രാഷ്ട്രീയ വിഷയങ്ങളെ യുക്തമായ നിലപാടുകൊണ്ട് നിയന്ത്രിച്ചിരുന്നു അദ്ദേഹം.




## ഇമാമുൽ ഹറമൈനി അൽജുവൈനി

**മുഹമ്മദ് ജാബിർ അലി ഹുദവി പടിഞ്ഞാറ്റുംമുറി**

₹ 230/-

ശാഫിഈ കർമശാസ്ത്ര സരണിയിൽ നിലനിന്ന ഇറാഖി-ഖുറാസാനി ശൈലികളെ സമന്വയിപ്പിച്ച് മദ്ഹബിന്റെ ആശയവികാസത്തിന് അടിത്തറയൊരുക്കി എന്നതാണ് ഇമാമുൽഹറമൈനിയുടെ കർമശാസ്ത്ര മേന്മ. മഖാസ്വിദുശ്ശരീഅയുടെ പിതാവായി ഗണിക്കപ്പെടുന്ന ഇമാം ശാത്വിബിക്കും മുമ്പേ ശ്രദ്ധേയ ചുവടുവപ്പുകൾ നടത്തി ആ മേഖലയെ സ്വാധീനിച്ച പണ്ഡിതനാണ് അദ്ദേഹം. കർമശാസ്ത്ര വ്യവഹാരങ്ങളെ മഖാസ്വിദി പരിപ്രേക്ഷ്യത്തിലൂടെ അനാവരണം ചെയ്യുന്നതിൽ ഇമാമിന് നിർണായക പങ്കുണ്ട്.




## ഇമാം റാസി

**എ.പി മുസ്തഫ ഹുദവി അരൂര്**

₹ 160/-

ഗ്രീക്ക് തത്ത്വചിന്തയും മുഅ്തസിലി ആശയധാരയും മുസ്‌ലിംലോകത്ത് അനിശ്ചിതത്വം സൃഷ്ടിച്ച കാലത്താണ് ഇമാം റാസി ജീവിച്ചത്. തത്ത്വചിന്താ വിജ്ഞാനങ്ങൾക്ക് പുതിയ നിലമൊരുക്കി മുൻകാല ധാരണകളെ നിരൂപണാത്മകമായി സമീപിച്ചു എന്നതാണ് അദ്ദേഹം മുസ്‌ലിംലോകത്തിന് നൽകിയ സംഭാവന. ഇമാം ഗസാലി ആവിഷ്‌കരിച്ച സമീപനങ്ങൾക്ക് പൂർത്തീകരണം നൽകുകയും ഇബ്‌നു സീനയുടെ ചിന്താപദ്ധതികൾക്ക് പുതിയ പരിപ്രേക്ഷ്യം അവതരിപ്പിക്കുകയും ചെയ്തു ഇമാം. കൂടെ, വിശുദ്ധ ഖുർആനെ സർവ വിജ്ഞാനങ്ങളുടെയും ആശയസ്രോതസ്സായി ഉപയോഗിക്കാനും അദ്ദേഹം മുന്നിൽനിന്നു.




## ഇമാം സുയൂത്വി

**ഡോ. ഇസ്മാഈൽ ഹുദവി ചെമ്മലശ്ശേരി**

₹ 125/-

ഇമാം സുയൂത്വി. പത്താം നൂറ്റാണ്ടിലെ പരിഷ്കർത്താവ്. ഇസ്‌ലാമിക രചനാലോകത്ത് അത്ഭുതങ്ങൾതീർത്ത മഹാമനീഷി. അറുപത്തിരണ്ട് വർഷത്തെ ജീവിതം. അതിനിടയിൽ ഖുർആൻ, ഹദീസ്, കർമശാസ്ത്രം, നിദാനശാസ്ത്രം, ചരിത്രം, ഭാഷാവിജ്ഞാനം, വ്യാകരണം തുടങ്ങി വിവിധ ജ്ഞാനമേഖലകളിൽ അഞ്ഞൂറിലധികം കനപ്പെട്ട രചനകൾ. തന്റെ ആശയങ്ങളോട് വിയോജിച്ചും നിലപാടുകളെ ചോദ്യംചെയ്തും രംഗത്തുവന്നു അക്കാലത്തെ പണ്ഡിതപ്രമുഖർ. അതിനെല്ലാം മറുപടി നൽകിയതും ബൃഹത്തായ ഗ്രന്ഥങ്ങളെഴുതി. രാഷ്ട്രീയ അരക്ഷിതാവസ്ഥയിൽ ദിശതെറ്റിയൊഴുകിയ ജനതക്ക് പിടിവള്ളിയൊരുക്കി അദ്ദേഹത്തിന്റെ തൂലിക. ഇമാം സുയൂത്വിയുടെ ഗഹനമായ ജീവിതം ലളിതമായി വിശകലനം ചെയ്യുന്ന കൃതി.




## ഇമാം ശഅ്റാനി

**മഅ്മൂൻ ഹുദവി വണ്ടൂർ**

₹ 120/-

ഫിഖ്ഹ്, തസ്വവ്വുഫ്, അഖീദ; മുസ്‌ലിം സമൂഹത്തിന്റെ പ്രധാനപ്പെട്ട മൂന്ന് ബൗദ്ധിക ആവിഷ്കാരങ്ങൾ. തന്റെ ജീവിതം അവയുടെ നവോത്ഥാനത്തിനായി കടംകൊടുത്തു ഇമാം ശഅ്റാനി. നാട്യക്കാരനായ സൂഫിയും നിഷ്ഠയില്ലാത്ത ഫഖീഹും ഒരുപോലെ അപകടമാണെന്ന് സമർഥിച്ചു അദ്ദേഹം. അതുകാരണം ഇമാമിന്റെ രചനകൾ എതിർപക്ഷത്തുള്ളവരുടെ വിമർശനമേറ്റു. നിലവിലുണ്ടായിരുന്ന കർമശാസ്ത്ര-വിശ്വാസ ധാരകൾ പരസ്പരം സംഘർഷംകൊണ്ട കാലം. അതിനും അറുതി വരുത്തി ഇമാം. ഫിഖ്ഹും തസ്വവ്വുഫും അഖീദയും പരസ്പരം പൂരകങ്ങളാണെന്ന് പഠിപ്പിച്ചു. അന്ന് സമൂഹത്തിന് ഏറ്റവും ആവശ്യമായിരുന്നു ആ പാഠം. ഇമാം ശഅ്റാനിയെ പരിചയപ്പെടുത്തുന്ന കൃതി.




## മുആവിയ(റ)

**ഡോ. കെ.എം ബഹാഉദ്ദീൻ ഹുദവി**

₹ 250/-

ഇസ്‌ലാമിക ചരിത്രത്തിലെ സങ്കീർണമായ ഒരേട്. ഖലീഫ ഉസ്മാന്റെ(റ) വധം. ഖലീഫ അലി(റ)യും മുആവിയ(റ)യും തമ്മിലുടലെടുത്ത അഭിപ്രായഭിന്നതകളുടെ പരിസരം. മുആവിയ(റ)യെ പ്രതിസ്ഥാനത്ത് നിർത്തുന്നതാണ് പൊതുവെ മലയാളത്തിൽ അതുസംബന്ധിച്ച രചനകൾ. അതിൽനിന്നു വേറിട്ട് അഹ്‌ലുസ്സുന്നയുടെ കാഴ്ചപ്പാട് തന്മയത്വത്തോടെ അവതരിപ്പിക്കുന്നു ഈ കൃതി. ഭിന്നതയുടെ യഥാർഥ കാരണവും അതിനിടയിലും പരസ്പരം സൂക്ഷിച്ച ബഹുമാനവുമെല്ലാം വിശകലനം ചെയ്യപ്പെടുന്നുണ്ടിതിൽ, തെളിവുസഹിതം. കൂടാതെ, മുആവിയ(റ)യുടെ വ്യക്തിജീവിതം, സൈനികമുന്നേറ്റം, ഭരണനിർവഹണം, നിലപാട് തുടങ്ങി വിവിധ തലങ്ങളും ചർച്ചക്കെടുക്കുന്നു. നബി(സ്വ)യുടെ കാലത്തും തുടർന്നുമുള്ള പൊതുചരിത്രത്തിനകത്ത് മുആവിയ(റ)യുടെ ഇടപെടലുകളെ സൂക്ഷ്മമായി പിന്തുടരുകകൂടി ചെയ്യുന്ന ഗ്രന്ഥം.




## പോരാളികളുടെ ദേശം

**ഹക്കിം ചോലയിൽ**

₹ 320/-

ചരിത്രത്തിൽനിന്ന് വെട്ടിമാറ്റപ്പെട്ടുകൊണ്ടിരിക്കുന്ന മലബാർ സമരവും കാലവും പോരാളികളും പ്രമേയമാകുന്ന നോവൽ. ചരിത്രവും ഫിക്ഷനും സമാസമം ചേർത്ത് ചരിത്രത്തിന്റെ ഗാഢമായ മൗനത്തെ സർഗാത്മകമായി പൂരിപ്പിക്കുന്ന കൃതി. വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും പ്രിയതമ മാളു ഹജ്ജുമ്മയും ചരിത്രനായകന്മാരും കഥാപാത്രങ്ങളായി മാറുമ്പോൾ ഒരു ദേശത്തിന്റെ ഇതിഹാസ സമാനവും സംഘർഷഭരിതവുമായ അന്തർസ്ഥലികളെ ഇത് സൂക്ഷ്മമായി അവതീർണമാക്കുന്നു. കാലാതീതമായ ചരിത്രസ്മരണകളിലൂടെ സഞ്ചരിച്ച് ആഖ്യാനത്തിലും ആവിഷ്കാരത്തിലും പുതുവഴികൾ വെട്ടിയ രചന.




## തേവർ വെള്ളൻ

**പി. ദേവ് ഷാ**

₹ 155/-

എഴുതപ്പെട്ട ചരിത്രത്താളുകളിൽ ഇടം കിട്ടാതെ പോയ വ്യക്തികളും സംഭവങ്ങളും നമുക്ക് ചുറ്റും നിരവധിയുണ്ട്. കേരളത്തിന്റെ പുരാതന ആയോധനകലയായ കളരിപ്പയറ്റിൽ അസാമാന്യ പാടവമുണ്ടായിട്ടും, തച്ചോളി ഒതേനൻ എന്ന വീരനായകനെ അങ്കംവെട്ടി അടിയറവ് പറയിച്ചിട്ടും ചരിത്രഭൂമികയിൽ തെളിഞ്ഞുകാണാതെപോയ തേവർ വെള്ളൻ അവരിലൊരു പേരുമാത്രം. ഒരു ജനതയെയും ദേശത്തെയാകെയും ചേർത്തുപിടിച്ചിട്ടും എങ്ങും പേര് ചേർക്കപ്പെടാതെപോയത് മറന്നതോ അതോ മനഃപൂർവം അവഗണിച്ചതോ? അതിന് കാലംമാത്രം സാക്ഷി.




## സമാഏ ബിസ്മിൽ
## ഖവാലിയുടെ ഉൾലോകങ്ങൾ

**എം. നൗഷാദ്**

₹ 160/-

'കേരളത്തിന് സൂഫീസംഗീതവുമായും സൂഫീരചനകളുമായുമുള്ള ബന്ധത്തിന്റെ അനിവാര്യവും സുന്ദരവുമായ തുടർച്ചയാണ് 'സമാഏ ബിസ്മിൽ' (ദിവ്യപ്രണയത്താൽ മുറിവേറ്റവരുടെ വിശുദ്ധ കേൾവി). ഓരോ കവിതക്കും മുമ്പുള്ള ചെറിയ ആമുഖക്കുറിപ്പ് വായിക്കുന്നതു വഴി സൂഫിയാന കലാമുകളുടെ സവിശേഷസ്വഭാവത്തെയും രീതിയെയും പറ്റി വായനക്കാർക്ക് ധാരണ ലഭിക്കും. മൊഴിമാറ്റങ്ങൾ അതിനെ കൂടുതൽ വിപുലപ്പെടുത്തുകയും ചെയ്യും. ഉപമാലങ്കാരങ്ങളെക്കുറിച്ചുള്ള ഭാഷാപരമായ അറിവുകൾക്കപ്പുറം സൂഫീദർശനങ്ങളെക്കുറിച്ച അറിവും കാഴ്ചയും സഹവാസവുമാണ് സൂഫിയാന കലാമുകളുടെ മൊഴിമാറ്റത്തെ സുന്ദരമാക്കുക. പ്രവാചകനെക്കുറിച്ച സൂഫിയാനാ വരികളുടെ മൊഴിമാറ്റം വഴി മലയാളത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള മറ്റു സൂഫീ മൊഴിമാറ്റങ്ങളിൽ നിന്നുമുള്ള വ്യത്യാസത്തെ 'സമാഏ ബിസ്മിൽ' അടയാളപ്പെടുത്തുന്നു.'- **സമീർ ബിൻസി**




## ഇച്ചമസ്താൻ

**സ്വലാഹുദ്ദീൻ അയ്യൂബി**

₹ 150/-

കേരളത്തിലെ അധ്യാത്മികതയുടെ പടാപ്പുറങ്ങളിൽ ഒരു ഐതിഹ്യ കഥാപാത്രത്തെപ്പോലെ ജീവിച്ച സൂഫികവി ഇച്ച അബ്ദുൽ ഖാദിർ മസ്താന്റെ ജൈവികമായ സഞ്ചാരങ്ങളുടെയും സിദ്ധാന്തങ്ങളുടെയും ലോകം പരിചയപ്പെടുത്താനുള്ള എളിയ ശ്രമം. ബുദ്ധിയുടെ ജഢികപ്രായോഗികതയിൽ അടഞ്ഞുകിടക്കാതെ മസ്ത് എന്ന, കേട്ടാൽ യുക്തിരഹിതമായി തോന്നുന്ന സത്യാവബോധത്തിന്റെ ബാധകൾക്കുകൂടി അടിപ്പെട്ടുകഴിഞ്ഞ മഹദ്വ്യക്തിയുടെ ജീവിതത്തിലേക്കൊരു എത്തിനോട്ടം. അറക്കൽ കൊട്ടാരത്തിനുള്ളിൽ പോലും കുടിലിലെന്നപോലെ ജീവിക്കുകയും, കുടിലുകളിൽ കൊട്ടാരത്തേക്കാൾ കേമമായി ആനന്ദിക്കുകയും ചെയ്ത, വാക്കുകളേക്കാൾ വലിയ പൊരുൾ മൗനത്തിലുള്ളതുകൊണ്ട് മിണ്ടാതിരിക്കാനുള്ള പഴുതുകളിൽ അഭയം പ്രാപിച്ച സൂഫിയുടെ കഥയും കവിതയും.




## കടായിക്കൽ

### നല്ലാപറമ്പൻ പുലവർ മൊയ്തീൻകുട്ടി ഹാജി

**സ്വലാഹുദ്ദീൻ അയ്യൂബി**

₹ 120/-

കേരളീയ സൂഫി ചരിത്രത്തിൽ അധികം ശ്രദ്ധിക്കപ്പെടാതെപോയ കടായിക്കൽ നല്ലാപറമ്പൻ പുലവർ മൊയ്തീൻകുട്ടി ഹാജിയുടെ ജീവിതവും രചനകളും ആഴത്തിൽ വിശകലനം ചെയ്യുന്ന കൃതി. ആത്മജ്ഞാന പ്രധാനങ്ങളായ കാവ്യങ്ങളിൽ നിലകൊള്ളുമ്പോൾതന്നെ സമരപോരാളിയായിരിക്കുകയും ഭാഷയുടെ രഹസ്യങ്ങൾകൊണ്ട് സ്വന്തം വഴി വെട്ടിത്തുറക്കുകയും ചെയ്ത ജ്ഞാനപ്രതിഭയെ പരിചയപ്പെടുത്തുന്നു. മലയാളം, സംസ്കൃതം, തമിഴ്, ഉർദു, പാഴ്സി, ഇംഗ്ലീഷ്, തെലുങ്ക്, കന്നഡ തുടങ്ങി അനേകം ഭാഷാപദങ്ങൾ സമ്മേളിക്കുകയും ദ്രാവിഡീയ ശൈലിയിൽ വിരചിതമാവുകയും ചെയ്ത കവിതകളുടെ ഉൾസാരങ്ങൾ അന്വേഷിക്കുന്നു. വ്യത്യസ്ത ദേശങ്ങളിൽ സഞ്ചരിച്ചും അനേകം വ്യക്തികളിൽനിന്ന് കേട്ടും വിസ്മരിക്കപ്പെട്ട ഒരു ജീവിതത്തെ കണ്ടെടുക്കാനുള്ള ഗ്രന്ഥകർത്താവിന്റെ ശ്രമം.




## ഉണ്മയുടെ ഉടയാടകൾ

**ഡോ. ജമീൽ അഹ്മദ്**

₹ 180/-

മലയാളത്തിലെ വ്യത്യസ്ത ഗദ്യവ്യവഹാരങ്ങളെ വിശകലനം ചെയ്യുന്ന പഠനങ്ങൾ. നോവൽ, ആത്മകഥ, സമൂഹമാധ്യമ എഴുത്തുകൾ എന്നിവയിലെ രാഷ്ട്രീയ പാഠങ്ങളെ സൂക്ഷ്മാപഗ്രഥനം ചെയ്യുന്ന ലേഖനസമാഹാരം. മലയാള നിരൂപണത്തിൽ പുതുമയുള്ള ഒരു സമീപനരീതി ഈ ലേഖനങ്ങൾ മുന്നോട്ടുവക്കുന്നു. സമകാലിക രാഷ്ട്രീയാനുഭവങ്ങളോട് പ്രതികരിക്കുന്ന വ്യത്യസ്തമായ നിരീക്ഷണങ്ങൾ ഇതിലെ പഠനങ്ങൾ അവതരിപ്പിക്കുന്നുണ്ട്. സാഹിത്യ വിദ്യാർഥികൾക്കും സാധാരണ വായനക്കാർക്കും ഒരുപോലെ സ്വീകാര്യമായ ഭാഷയിൽ എഴുതപ്പെട്ട പന്ത്രണ്ട് ലേഖനങ്ങൾ.




## ഷാർജ ടു കൊച്ചി

**നാബുൽസി**

**വിവർത്തനവും:**
**അബ്ദുൽ ഗഫൂർ ഹുദവി കുന്നത്തൊടി**

₹ 180/-

ഷാർജയിലെ തന്റെ വാടകവീട്ടിൽനിന്ന് നിഗൂഢമായൊരു പാചകപുസ്തകം മായിദിന് ലഭിക്കുന്നു. കൊച്ചിക്കാരിയായ ഫഹ്മിദ അറക്കലാണതിന്റെ ഉടമയെന്നും അവർക്ക് പറയാൻ വെമ്പുന്നൊരു കഥയുണ്ടെന്നും അവന്റെ മനസ്സ് മന്ത്രിക്കുന്നു. അധികം വൈകാതെ മായിദ് കൊച്ചിയിലെത്തി മേൽവിലാസംപോലും നിശ്ചയമില്ലാത്ത ഫഹ്മിദയുടെ കഥകൾ അന്വേഷിക്കുന്നു. പാചകതൽപരനായതിനാൽ അവന്റെ യാത്രകൾ കേരളത്തിന്റെ ഭക്ഷണങ്ങളിലേക്കുകൂടി കയറിച്ചെല്ലുന്നു. ഒരുപക്ഷേ, രുചികളെക്കുറിച്ച് നിങ്ങൾ വായിക്കുന്ന പ്രഥമ നോവലായിരിക്കുമിത്.




## ശൈഖ് മുതവല്ലി ശഅ്റാവി

**ഒ.എം സയ്യിദ് ആദിൽ ഹസൻ വാഫി**

₹ 130/-

പ്രബോധകരുടെ നേതാവ് എന്ന അപരനാമത്തിൽ പുകൾപെറ്റ ആധുനിക പണ്ഡിതനാണ് ശൈഖ് മുതവല്ലി ശഅ്റാവി. മൂല്യങ്ങളുയർത്തിപ്പിടിച്ചും നിലപാടുതറയിൽ ഉറച്ചുനിന്നും സാമൂഹിക നവോഥാനത്തിന്റെയും രാഷ്ട്രസേവനത്തിന്റെയും വഴിയിൽ കാലൂന്നിനിന്നു അദ്ദേഹം. പാണ്ഡിത്യം, രാഷ്ട്രീയം, സാമൂഹിക പ്രവർത്തനം, ഇസ്‌ലാമിക പ്രബോധനം തുടങ്ങി വിവിധ വിതാനങ്ങിളേക്ക് പടർന്ന ആ ജീവിതത്തെ സംക്ഷിപ്തമായി അവതരിപ്പിക്കുന്നു.




## ഡോ. സഈദ് റമളാൻ ബൂത്വി ജീവിതവും സംഭാവനകളും

### ശാക്കിർ മണിയറ

₹ 160/-

ഡോ. മുഹമ്മദ് സഈദ് റമളാൻ ബൂത്വിയുടെ ജീവിതവും ധൈഷണിക വ്യവഹാരങ്ങളും ആധികാരികമായി അടയാളപ്പെടുത്തുന്ന കൃതി. മതവും വിശ്വാസവും ചരിത്രവും തത്ത്വചിന്തയും ശാസ്ത്രവുമടങ്ങുന്ന വിവിധ വിഷയങ്ങളിൽ അദ്ദേഹം രചിച്ച അറുപതോളം ഗ്രന്ഥങ്ങളുടെ ഉള്ളടക്കവും നിലപാടുകളും ചർച്ച ചെയ്യുന്നു. ആധുനിക ഗസാലി എന്ന് വിശേഷിപ്പിക്കാവുന്നവിധം ബൂത്വിയെ രൂപപ്പെടുത്തിയ ജീവിതപരിസരങ്ങൾ വിശകലനവിധേയമാക്കുന്നു.




## ജീവിതത്തിന്റെ ശമനതാളം: എന്റെ ക്യാൻസർ അതിജീവനകഥ

### മുബഷിറ മൊയ്തു പന്തിപ്പോയിൽ

₹ 150/-

ക്യാൻസറിനെ അനന്യമായ മനക്കരുത്തുകൊണ്ട് കീഴ്പ്പെടുത്തിയ പതിനേഴുകാരിയുടെ കഥ. ഓർക്കാപ്പുറത്ത് കുഴഞ്ഞുപോയ കാലുകൾ, ഹൃദയത്തിലേക്ക് തുളച്ചുകയറുന്ന ആശുപത്രിമണം, ഉറക്കം പിടികൊടുക്കാത്ത രാത്രികൾ, ക്യാൻസർ വാർഡിലെ നോവുന്ന കാഴ്ചകൾ, ഐ.സി.യുവിലെ പ്രതീക്ഷ കെട്ട ജീവിതങ്ങൾ... എല്ലാത്തിനുമിടയിൽനിന്ന് ജീവിതത്തിന്റെ പച്ചപ്പിലേക്ക് ചുവടുവച്ച് കൊച്ചുമിടുക്കിയുടെ അനുഭവങ്ങൾ. തന്നെപ്പോലെ അനേകം പേരുടെ കഥകൾ ചേർത്തുതുന്നിയ കുറിപ്പുകൾ.

നഷ്ടപ്പെട്ടെന്ന തോന്നലുകളെ പിന്തള്ളി രോഗികളിൽ, കുടുംബങ്ങളിൽ വായനക്കാരിൽ പ്രതീക്ഷയുടെ നനവ് പകരാൻ കെൽപുള്ള പുസ്തകം.




## 100 സ്വഹാബി കഥകൾ

(ഭാഗം ഒന്ന്)

**ഹാഫിള് ശംസീറലി ഹുദവി**

₹225/-

ജീവിതംകൊണ്ട് സന്ദേശമെഴുതിയവരാണ് പ്രവാചകരുടെ അനുചരൻമാർ. പിറന്ന നാടും വീടും കുടുംബവും ഉപേക്ഷിച്ച് നന്മയുടെ വെളിച്ചം സ്വീകരിച്ചവരാണവർ. പ്രയാസങ്ങളുടെ തീച്ചൂളയിലും ഊഷരമായ സാമൂഹിക ചുറ്റുപാടിലും ഖുർആനിന്റെ പാഠങ്ങളും പ്രവാചക ചര്യയുമായിരുന്നു അവരെ വഴിനടത്തിയത്. തീക്ഷ്ണമായ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോയ പ്രവാചക അനുയായികളുടെ നൂറ് കഥകൾ.




## 100 സ്വഹാബി കഥകൾ

(ഭാഗം രണ്ട്)

**ഹാഫിള് ശംസീറലി ഹുദവി**

₹250/-

സ്വഹാബികൾ. അവരുടെ മുമ്പിൽ രണ്ടു വഴികളുണ്ടായിരുന്നു. ഒന്ന് സുഖങ്ങളുടേത്. അവിടെ മുന്തിരിത്തോപ്പുകളിൽ ഉല്ലസിക്കാം. പൂമെത്തകളിൽ രമിക്കാം. ആസ്വദിച്ച് ജീവിക്കാം. രണ്ടാമത്തേത് വേദനകളുടേത് മാത്രമാണ്. അതിൽ വിശപ്പും ദാഹവും സഹിക്കണം. കല്ലും മുള്ളും തറഞ്ഞ് കാലുകൾ ചോരവാർന്നൊലിക്കും. അക്രമിക്കപ്പെടും. ദുഃഖങ്ങളിൽ മനസ്സ് കലങ്ങിപ്പോകും. എന്നിട്ടും, അവർ രണ്ടാമത്തെ വഴി തെരഞ്ഞെടുക്കുകയായിരുന്നു. തീക്ഷ്ണമായ ആ ജീവിതകഥയാണ് ഈ പുസ്തകം.




## സൂറതു റഹ്മാൻ

**സിംസാറുൽ ഹഖ് ഹുദവി**

₹ 150/-

അർറഹ്മാൻ. അല്ലാഹുവിന്റെ പ്രധാന നാമങ്ങളിലൊന്ന്. അവന്റെ കരുണയുടെ തെളിച്ചമാണ് സൂറതു റഹ്മാൻ. കാരുണ്യത്തിന്റെ വിവിധ അടരുകൾ വെളിപ്പെടുന്ന ഉള്ളടക്കവിന്യാസം. തന്റെ ഔദാര്യങ്ങളുടെ ബൃഹദ് ആഖ്യാനം നടത്തുന്നു അല്ലാഹു, ക്രമത്തിൽതന്നെ. സൃഷ്ടികളുടെ തിരിച്ചുള്ള നന്ദിയാണതിന്റെ അടിസ്ഥാന ആവശ്യം. അതുകൊണ്ടുതന്നെ, അധ്യായത്തിലുടനീളം ആ ചോദ്യം ആവർത്തിച്ചുവരുന്നു: അതിൽപിന്നെ നിങ്ങൾ ഏതു നിരാകരിക്കും; നിങ്ങളുടെ നാഥന്റെ ദൃഷ്ടാന്തങ്ങളിൽ...




ആകാശലോകത്തെ അത്ഭുതങ്ങളും അല്ലാഹുവിന്റെ അനുഗ്രഹങ്ങളും ലളിതസുന്ദരമായി സൃഷ്ടികളിലേക്ക് അല്ലാഹു പകർന്നു നൽകുന്ന സൂക്തമാണ് സൂറതു യാസീൻ. ദൈവാനുഗ്രഹങ്ങളെ അവഗണിച്ച് നശ്വരലോകത്തിന്റെ സുഖലോലുപതയിൽ അഭിരമിക്കുന്നവരെ മുൻകാല ജനതക്ക് സംഭവിച്ച ദുരനുഭവങ്ങളോർമപ്പെടുത്തി താക്കീത് ചെയ്യുന്നുണ്ടവൻ. സംഭവബഹുലമായ സ്വർഗലോകവും ഭീതിതമായ നരകവും ഭയാനകതകൾ നിറഞ്ഞ മഹ്ശറും ഖുർആനിക സൂക്തത്തിന്റെ വെളിച്ചത്തിൽ പ്രമുഖ വാഗ്മിയും മതപണ്ഡിതനുമായ സിംസാറുൽഹഖ് ഹുദവി ചർച്ചക്കെടുക്കുന്നു.

## യാസീൻ അർഥവും വ്യാഖ്യാനവും

**സിംസാറുൽഹഖ് ഹുദവി**

₹ 190/-

---




സാമൂഹിക സദാചാരവും കുടുംബജീവിത നിയമങ്ങളും സവിസ്തരം പ്രതിപാദിക്കുന്ന ഖുർആനിക അധ്യായമാണ് സൂറത്തുന്നൂർ. ഉത്തമ സമൂഹസൃഷ്ടിക്ക് അനിവാര്യമായ ജീവിത വിശുദ്ധി കാത്തുസൂക്ഷിക്കാൻ വേണ്ട നിർദേശങ്ങളാണ് ഈ സൂറത്തിലെ മുഖ്യപ്രതിപാദ്യം. ഓരോ വീട്ടിലും സൂക്ഷിക്കേണ്ടതും ഓരോ കുടുംബിനിയും വായിച്ചിരിക്കേണ്ടതുമായ സവിശേഷ കൃതി.

## സുറത്തുന്നൂർ:
## ഇസ്‌ലാമിലെ കുടുംബ സാമൂഹിക ധർമങ്ങൾ

**സിംസാറുൽ ഹഖ് ഹുദവി**

₹ 280/-

---




ലിബറലിസം, ഫെമിനിസം, സെക്കുലറിസം, ഹ്യൂമനിസം, എൽ.ജി.ബി.റ്റി പൊളിറ്റിക്സ് തുടങ്ങിയ ആധുനിക മൂല്യങ്ങളെ വിമർശനാത്മകമായി സമീപിക്കുന്ന മലയാളത്തിലെ ആദ്യത്തെ കൃതി. മോഡേണിസത്തിന്റെ ചരിത്രവും വർത്തമാനവും, ആചാര്യൻമാർ, ആശയ വൈകല്യങ്ങൾ, നാസ്തിക പിൻബലം, അയുക്തികതയും അധാർമികതയും, മതങ്ങളോടുള്ള ഇടപാടുകൾ, അതിനു പിന്നിലെ സാമ്രാജ്യത്വ താൽപര്യങ്ങൾ എന്നിവ വസ്തുനിഷ്ഠമായി അന്വേഷിക്കുന്നു. ഉപരി സൂചിത മോഡേൺ ഇസങ്ങൾ ഉണ്ടാക്കുന്ന പ്രശ്നങ്ങളും അവിടെ ഇസ്‌ലാമിക ബദലിന്റെ പരിഹാരങ്ങളും ഔന്നിത്യവും ലളിതവും സമഗ്രവുമായി ചർച്ച ചെയ്യുന്നു. ഇസ്‌ലാം ആധുനികതാ പഠനങ്ങൾക്കൊരു ആമുഖം. എം.പി മുസ്തഫ ഫൈസി യുടെ അവതാരിക.

## വിജയത്തിന്റെ ഇസ്‌ലാമിക വഴികൾ

**സിംസാറുൽ ഹഖ് ഹുദവി**

₹ 210/-




## മതം, ശാസ്ത്രം, യുക്തി, ലിംഗരാഷ്ട്രീയം

എഡിറ്റിംഗ്:

**റശീദ് ഹുദവി ഏലംകുളം, അബ്ദുൽഹഖ് ഹുദവി മുളയങ്കാവ്**

₹ 250/-

പുരോഗമനത്തിന്റെയും മാനുഷിക മൂല്യങ്ങളുടെയും മാറ്റുനോക്കാനുള്ള പരമമായ ഉരക്കല്ലുകൾ തങ്ങൾ മുന്നോട്ടുവക്കുന്ന മാനദണ്ഡങ്ങളാണെന്ന നാസ്തിക-ലിബറൽ-യുക്തിവാദി ഗർവിന്റെ മുനയൊടിക്കുന്ന ലേഖനസമാഹാരം. മതവും ശാസ്ത്രവും പരസ്പരവിരുദ്ധമാണെന്ന അന്ധവിശ്വാസത്തെ ആധികാരികമായി പൊളിച്ചുകളയുന്നു. ഒപ്പം ശാസ്ത്രം, യുക്തി എന്നീ സങ്കേതങ്ങളെ ഒരു വിശ്വാസി സമീപിക്കേണ്ടതെങ്ങനെ എന്നതിന്റെ തെളിമയുള്ള മാർഗരേഖ മുന്നോട്ടുവക്കുന്നു. ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി, അബ്ദുസ്സമദ് സമദാനി എം.പി, സലാം ഫൈസി ഒളവട്ടൂർ, സി. ഹംസ, ഇ.എം സുഹൈൽ ഹുദവി, ജൗഹർ കാവനൂർ, ഫാരിസ് പി.യു തുടങ്ങിയവരുടെ ഗഹനമായ പഠനങ്ങൾ.




## ദൈവം: ഡോക്കിൻസിന്റെ അശാസ്ത്രീയ വാദങ്ങൾ

**എൻ.എം ഹുസൈൻ**

₹330/-

നവനാസ്തികരുടെ താത്ത്വികാചാര്യനായ റിച്ചാർഡ് ഡോക്കിൻസിന്റെ പ്രധാന വാദങ്ങളെ, വിശിഷ്യ ശാസ്ത്രവും തത്ത്വശാസ്ത്രവുമായി ബന്ധപ്പെട്ടവയെ വിമർശനാത്മകമായി പരിശോധിക്കുന്ന കൃതി. മധ്യകാല യൂറോപ്യൻ ചിന്തകനായ തോമസ് അക്വിനാസ് മുതൽ ആധുനിക ബയോകെമിസ്റ്റായ മൈക്കൽ ബെഹ വരെയുള്ളവരുടെ ശാസ്ത്രീയവും അഖണ്ഡനീയവുമായ വാദങ്ങൾക്കു മുന്നിൽ ഡോക്കിൻസ് ദയനീയമായി തകർന്നതായി ഗ്രന്ഥകാരൻ സമർഥിക്കുന്നു. യുക്തിവാദ നവനാസ്തിക വിമർശന പഠനങ്ങൾക്കിടയിൽ സമർഥന മികവുകൊണ്ട് വേറിട്ടുനിൽക്കുന്ന ബൃഹദ് ഗ്രന്ഥത്തിന്റെ പരിഷ്കരിച്ച പതിപ്പ്.




തെളിവില്ലാത്തതിനോടു പോലും തോന്നുന്ന അംഗീകാരബോധമാണ് വിശ്വാസം. പരലോകം, വിചാരണ, സ്വർഗം, നരകം തടുങ്ങിയവ ഉൾക്കൊള്ളാൻ അത് വിശ്വാസിയെ പ്രാപ്തനാക്കുന്നു. പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ടെന്നും മുസ്‌ലിംകൾ ആരാധിക്കുന്ന അല്ലാഹുവാണതെന്നും ഈ സത്യം പരിചയപ്പെടുത്തിയ മുഹമ്മദ് നബി അല്ലാഹുവിന്റെ അന്ത്യദൂതരാണെന്നുമുള്ള ബോധ്യങ്ങളുണ്ട് വിശ്വാസത്തിനു പിന്നിൽ. അത്തരം ബോധ്യങ്ങളെ ലളിതമായ ഭാഷയിൽ സംശയരഹിതമായി സ്ഥാപിക്കുന്ന കൃതി. വിശ്വാസനിരാസത്തിന്റെ കാരണങ്ങളും അവയെ സമീപിക്കേണ്ട രീതിശാസ്ത്രവും മുന്നോട്ടുവക്കുകയും ചെയ്യുന്നു.

## വിശ്വാസത്തിന്റെ തെളിവുകൾ

**മുഹമ്മദ് ഫാരിസ് പി.യു**

₹ 300/-

---




നവനാസ്തികത അന്ധമായ മതവിരുദ്ധതയാണ്. തങ്ങളുടേതല്ലാത്ത സകല ആശയങ്ങളോടുമുള്ള കടുത്ത അസഹിഷ്ണുത. രാഷ്ട്രീയവും സാമൂഹികവുമായി ആർജിക്കേണ്ട നീതിബോധത്തെ വെല്ലുവിളിക്കുന്നുണ്ടത്. പുരോഗമനമെന്ന പേരിൽ ലൈംഗിക അരാജകത്വവും ശാസ്ത്രബോധത്തിനു പകരം മതനിരാസവുമാണ് ഈ പ്രത്യയശാസ്ത്രം വഴി പ്രചരിപ്പിക്കപ്പെടുന്നത്. നവനാസ്തികതയെക്കുറിച്ച് വായിച്ചു തുടങ്ങുന്നവർക്ക് അവലംബിക്കാവുന്ന ചെറുപുസ്തകമാണിത്. ഈ വാദത്തിന്റെ ചരിത്രം, പശ്ചാത്തലം, അടിസ്ഥാനങ്ങൾ തുടങ്ങിയവ സമഗ്രമായി ചർച്ചക്കെടുക്കുന്ന കൃതി. ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വിയുടെ അവതാരിക.

## നവനാസ്തികത: ഒരു വിമർശന പഠനം

മുഹമ്മദ് ഫാരിസ് പി.യു

₹ 300/-

---




ലിബറലിസം, ഫെമിനിസം, സെക്കുലറിസം, ഹ്യൂമനിസം, എൽ.ജി.ബി.റ്റി പൊളിറ്റിക്സ് തുടങ്ങിയ ആധുനിക മൂല്യങ്ങളെ വിമർശനാത്മകമായി സമീപിക്കുന്ന മലയാളത്തിലെ ആദ്യത്തെ കൃതി. മോഡേണിസത്തിന്റെ ചരിത്രവും വർത്തമാനവും, ആചാര്യൻമാർ, ആശയ വൈകല്യങ്ങൾ, നാസ്തിക പിൻബലം, അയുക്തികതയും അധാർമികതയും, മതങ്ങളോടുള്ള ഇടപാടുകൾ, അതിനു പിന്നിലെ സാമാജ്യത്വ താൽപര്യങ്ങൾ എന്നിവ വസ്തുനിഷ്ഠമായി അന്വേഷിക്കുന്നു. ഉപരി സൂചിത മോഡേൺ ഇസങ്ങൾ ഉണ്ടാക്കുന്ന പ്രശ്നങ്ങളും അവിടെ ഇസ്‌ലാമിക ബദലിന്റെ പരിഹാരങ്ങളും ഔന്നിത്യവും ലളിതവും സമഗ്രവുമായി ചർച്ച ചെയ്യുന്നു. ഇസ്‌ലാം ആധുനികതാ പഠനങ്ങൾക്കൊരു ആമുഖം. എം.പി മുസ്തഫ ഫൈസി യുടെ അവതാരിക.

## ഇസ്‌ലാമും ആധുനികതാവാദങ്ങളും

മുഹമ്മദ് ഫാരിസ് പി.യു

₹ 350/-




## പത്തൊമ്പതാം നൂറ്റാണ്ടിലെ കേരള മുസ്‌ലിം സമൂഹവും കൊങ്ങണംവീട്ടിൽ ഇബ്റാഹീംകുട്ടി മുസ്‌ലിയാരും

ശമീർ പി. ഹസൻ

₹ 220/-

കൊളോണിയൽ ആധുനികതയുടെ കടന്നുവരവ് മാപ്പിള മുസ്‌ലിംകളെയും സ്വാധീനിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്ത പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ച മഖ്ദൂം പണ്ഡിതനാണ് കൊങ്ങണം വീട്ടിൽ ഇബ്റാഹീംകുട്ടി മുസ്‌ലിയാർ. പ്രിന്റ് സാങ്കേതികവിദ്യ പിച്ചവച്ചുതുടങ്ങുന്ന കാലത്ത് അറബി-മലയാളത്തിലടക്കം നാൽപതിലധികം ഗ്രന്ഥങ്ങൾ രചിച്ച അതുല്യപ്രതിഭ, മഹാഭാഷകൻ, നിമിഷക്കവി, ആത്മീയ നായകൻ, ഭിഷഗ്വരൻ, സാമൂഹിക പരിഷ്കർത്താവ്. വിപുലമായ ഒട്ടനേകം അടരുകളുള്ള ആ ജീവിതത്തെ തിരഞ്ഞുചെല്ലുകയാണ് ഗ്രന്ഥകാരൻ.




## ഇസ്‌ലാമിക ജ്ഞാനശാസ്ത്രത്തിനൊരാമുഖം

ഡോ. മുല്യാദി കർടനെഗാര
വിവ: ഹസീം മുഹമ്മദ്

₹220/-

ഇസ്‌ലാമിൽ എന്താണറിവ്? എന്തൊക്കെയാണ് വിശ്വാസയോഗ്യം? പ്രബലമായ പല മത-മതേതര കാഴ്ചപ്പാടുകളിൽനിന്ന് അതെങ്ങനെ വ്യത്യസ്തമാവുന്നു? മൗലികമായ ഒട്ടനവധി വീക്ഷണങ്ങളുടെ ചരിത്രപരവും ദാർശനികവുമായ വശങ്ങൾ മനോഹരമായി കുരുക്കഴിക്കുന്ന പഠനം. ഇസ്‌ലാമിക ജ്ഞാനശാസ്ത്രത്തിലേക്കുള്ള മികച്ചൊരു പ്രവേശികയാണീ ഗ്രന്ഥം. യൂനിവേഴ്സിറ്റി പ്രൊഫസർ കൂടിയായ ഗ്രന്ഥകാരൻ വിദ്യാർഥികൾക്കായി ചിട്ടപ്പെടുത്തിയത്. ഇവ്വിഷയകമായി മലയാളത്തിലെത്തുന്ന ആദ്യ സമഗ്രരചന.ഡോ. ഒസ്മാൻ ബക്കറിന്റെ അവതാരിക.




## ബഹുസ്വര സമൂഹത്തിലെ മുസ്‌ലിം

ശൈഖ് ഹംസ യൂസുഫ്

വിവ: അബ്ദുൽ ഗഫൂർ ഹുദവി
കൊമ്പങ്കല്ല്

₹ 220/-

ഇസ്‌ലാമിനെ കേന്ദ്രസ്ഥാനത്തു നിർത്തുന്ന തെറ്റായ നിരീക്ഷണങ്ങളുടെ പശ്ചാത്തലത്തിൽ ഇതര മതങ്ങളോടും ആശയധാരകളോടും പുലർത്തേണ്ട നിലപാടുകൾ വ്യക്തമാക്കുകയാണ് അമേരിക്കൻ ഇസ്‌ലാമിന്റെ കാലിക മുഖമായ ശൈഖ് ഹംസ യൂസുഫ്. മാറ്റങ്ങളോട് സ്വീകരിക്കേണ്ട പ്രായോഗിക സമീപനങ്ങൾ പാരമ്പര്യ വ്യാഖ്യാനങ്ങളുടെ പരിസരത്തുനിന്ന് പരിശോധിക്കുന്ന അപൂർവ രചന.

AVAILABLE ON amazonkindle




## പൗരത്വനിയമം
## മതം • ദേശീയത • രാഷ്ട്രീയം

എഡിറ്റിംഗ്: അനീസ് വാവാട്,
നിസാർ എ.സി ഇരുമ്പുഴി

₹ 250/-

പൗരത്വ ഭേദഗതി നിയമത്തിന്റെയും തുടർന്നുണ്ടായ പ്രക്ഷോഭങ്ങളുടെയും പശ്ചാത്തലത്തിൽ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള പ്രമുഖ എഴുത്തുകാരുടെയും ഗവേഷകരുടെയും ലേഖനങ്ങളുടെ സമാഹാരം. ദേശരാഷ്ട്രത്തിൽ ഉൾച്ചേർന്നിരിക്കുന്ന പരമാധികാരം, ഭരണഘടന, നിയമം, പൗരത്വം-നുഴഞ്ഞുകയറ്റം, സാംസ്കാരിക രാഷ്ട്രീയ പുറംതള്ളലുകൾ, അക്കങ്ങളുടെ രാഷ്ട്രീയം തുടങ്ങിയവ സമഗ്രമായി വിശകലനം ചെയ്യുന്നു. 'നിയമപരമായി' കോടിക്കണക്കിനു ജനങ്ങളെ ദേശരഹിതരാക്കാനുള്ള സ്റ്റേറ്റിന്റെ പദ്ധതിക്കെതിരെ നീതിയാവശ്യപ്പെട്ട് അരികുകളിൽ നിന്നുയർന്നു വരുന്ന നവരാഷ്ട്രീയ, ജനകീയ മുന്നേറ്റങ്ങളെ അടയാളപ്പെടുത്തുക കൂടി ചെയ്യുകയാണ് ഈ പുസ്തകം.

AVAILABLE ON amazonkindle




‘സൂഫികളുടെ കൈപുസ്തകം’- അഗാധ ദൈവശാസ്ത്ര പണ്ഡിതനും ദിവ്യജ്ഞാനിയുമായിരുന്ന ഇബ്നു അത്വാഇല്ല സിക്കന്ദരി(റ) രചിച്ച കിതാബുൽ ഹികമിനെ ഒറ്റവാക്കിൽ ഇങ്ങനെ പരിചയപ്പെടുത്താം. ഖുർആൻ അല്ലാത്ത വേറെ എന്തെങ്കിലും ഒന്ന് നിസ്കാരത്തിൽ പാരായണം ചെയ്യപ്പെടാൻ പറ്റുമായിരുന്നെങ്കിൽ അത് കിതാബുൽ ഹികം ആണെന്ന പിൽക്കാല പണ്ഡിത ലോകത്തിന്റെ പ്രശംസ മാത്രം മതി ഈ ജ്ഞാനകുംഭത്തിന്റെ മേന്മയും സ്ഥാനവും മനസ്സിലാക്കാൻ. ശീർഷകം സൂചിപ്പിക്കുന്നതുപോലെ ഇസ്‌ലാമിക ആധ്യാത്മികശാസ്ത്രത്തിലെ വിവിധ സിദ്ധാന്തങ്ങളും സങ്കേതങ്ങളും ഓരോരോ ആപ്തവാക്യങ്ങളിലായി സംക്ഷേപിച്ച് പകർന്നുനൽകുകയാണ് ഈ കൃതി. ഹികമിന്റെ ലഘു വിശദീകരണത്തോടു കൂടിയ വിവർത്തനമാണിത്.

## ഇബ്നു അത്വാഇല്ല(റ)യുടെ തത്ത്വോപദേശങ്ങൾ

**മുനീർ ഹുദവി പാതിരമണ്ണ**

₹ 320/-

---




‘മൗലാനാ റൂമിയുടെ മസ്നവിയെക്കുറിച്ചുള്ള ആദ്യത്തെ അധ്യായം, മഹാനായ സൂഫി ദാർശനിക കവിയെ അറിയാനുള്ള ഒരു കിളിക്കൺകാഴ്ചയാണ്. മൗലാനയുടെ ജീവിതരേഖയും രചനാലോകവും മാത്രമല്ല, ചിന്തകളുടെ ഒരു മൊസായിക് ചിത്രവും കൂടിയാണ് ആ ലേഖനം. മസ്നവിയുടെ സ്വീകരണവും വിവർത്തനപാഠങ്ങളുടെ ബഹുലതയും അതിൽ ചർച്ച ചെയ്യപ്പെടുന്നു. കൂടാതെ, ഇബ്നു തുഫൈലിന്റെ ‘ഹയ്യ് ബ്ൻ യഖ്ളാൻ,’ ഫാറാബിയുടെ ‘മദീനതുൽ ഫാളില,’ ഇമാം ഗസാലിയുടെ ‘ജവാഹിറു ഖുർആൻ,’ ശൈഖ് ഇബ്നുൽ അറബിയുടെ ‘ഫുസ്വൂസ്വുൽ ഹികം,’ ഇഖ്ബാലിന്റെ ‘ജാവീദ് നാമ,’ ഇബ്നു റുശ്ദിന്റെ ‘ഫസ്വ്ലുൽ മഖാൽ,’ സൂഫികളിൽ പുകൾപെറ്റ ശൈഖ റാബിഅതുൽ അദവിയ്യയുടെ കവിതകൾ തുടങ്ങിയ കൃതികളാണ് പത്ത് അധ്യായങ്ങളിലായി ചർച്ച ചെയ്യുന്നത്.- **ഷമീർ കെ. എസ്**

## ഇസ്‌ലാമിക ക്ലാസിക്കുകൾ: ധൈഷണികതയുടെ അക്ഷയഖനികൾ

**ശമീറലി ഹുദവി പള്ളത്ത്**

₹ 170/-




ആധ്യാത്മികത, ചരിത്രം, രാഷ്ട്രീയം, സാഹിത്യം തുടങ്ങി വിവിധ അടരുകളിൽ വ്യാപിച്ചുകിടക്കുന്ന പേർഷ്യൻ ക്ലാസിക്കുകളെ പരിചയപ്പെടുത്തുന്ന കൃതി. മക്തൂബാതെ റബ്ബാനി, കശ്ഫുൽ മഹ്ജൂബ്, മൻത്വിഖുത്ത്വൈർ, മക്തൂബാതെ സ്വദി, ഫവാഇദുൽ ഫുആദ്, വുജൂദുൽ ആശിഖീൻ, അനീസുൽ അർവാഹ്, മദാരിജുന്നുബുവ്വ, ഇസാലതുൽ ഖഫാ അൻ ഖിലാഫതിൽ ഖുലഫാ എന്നിവയുടെ രചനാപശ്ചാത്തലവും ഉള്ളടക്കവും പ്രാധാന്യവും ഹ്രസ്വമായി ആവിഷ്കരിക്കുന്നു.
ജലാലുദ്ദീൻ റൂമി, ഫരീദുദ്ദീൻ അത്ത്വാർ, ഹകീം സനാഈ, സഅ്ദി ശീറാസി, അലിയ്യുൽ ഹുജ്‌വീരി, ഉസ്മാൻ ഹാർവനി, യഹ്‌യ മനേരി, ശാഹ് വലിയുല്ലാഹ് ദഹ്‌ലവി, നിസാമുദ്ദീൻ ഔലിയ, ബന്ദ നവാസ്, അഹ്മദ് സർഹിന്ദി, അബ്ദുൽഹഖ് ദഹ്‌ലവി എന്നീ സൂഫീ പ്രമുഖരെ ചർച്ച ചെയ്യുന്ന മലയാളത്തിലെ ആദ്യത്തെ ഗഹന പഠനം.

## പേർഷ്യൻ സാഹിത്യത്തിലെ നിറവസന്തങ്ങൾ

എ.പി മുസ്തഫ ഹുദവി അരൂർ

₹ 100/-

---




'ഏറെ ശ്രദ്ധേയമായൊരു വൈജ്ഞാനിക മുന്നേറ്റമാണ് ഈ ഗ്രന്ഥം. മഖാസ്വിദുശ്ശരീഅ എന്ന ജ്ഞാനശാഖയുടെ നാനാഭാഗങ്ങളും ഈ ഗ്രന്ഥത്തിൽ സവിശദം ചർച്ച ചെയ്യപ്പെടുന്നു. ഗ്രന്ഥകാരന്റെ അധ്യാപകനെന്ന നിലയിലെ പ്രവൃത്തിപരിചയവും അദ്ദേഹം നടത്തിയ ഗവേഷണങ്ങളും തയ്യാറാക്കിയ പ്രബന്ധങ്ങളുമെല്ലാം ഈ കൃതിയെ രൂപപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ടണ്ട്. ഈ കലയിൽ മലയാളത്തിൽ വിരചിതമാവുന്ന ആദ്യ സമ്പൂർണ കൃതിയാണിത്. പഠനാർഹവും ഗഹനവുമായ ആശയങ്ങളും പ്രശ്നങ്ങളും ഹൃദ്യമായ ശൈലിയിൽ ഇതിൽ അനാവരണം ചെയ്യുന്നു.' - അൻവർ അബ്ദുല്ല ഫള്ഫരി

## മഖാസ്വിദുശ്ശരീഅ: ഇസ്‌ലാമിക നിയമങ്ങളുടെ ആത്യന്തിക ലക്ഷ്യങ്ങൾ

മുഹമ്മദ് ജാബിർ അലി ഹുദവി പടിഞ്ഞാറ്റുംമുറി

₹ 170/-




വ്യക്തി-പ്രസ്ഥാന താൽപര്യങ്ങൾക്ക് അനുസരിച്ച് സൂഫിസത്തെ വ്യവഹരിക്കാനുള്ള ശ്രമങ്ങൾ പലയിടങ്ങളിലായി നടന്നുകൊണ്ടിരിക്കുന്നു. അതുമൂലം തീർത്തും വിരുദ്ധമായ ചേരികളോടുപോലും സൂഫിസത്തെ ചേർത്തുവായിക്കപ്പെടുന്നുമുണ്ട്. അക്കാര്യം തുറന്നുപറയുന്നു ഈ ചെറുകൃതി. തദാവശ്യാർഥം സൂഫിസത്തിനകത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട ചില പരികൽപനകളെ ഗ്രന്ഥകാരൻ പിന്തുടരുന്നുണ്ട്. പദനിഷ്പത്തിയും ആധുനികാനന്തര സൂഫിവായനകളും ഇതിലെ പ്രധാനപ്പെട്ട ഉള്ളടക്കമാണ്. ഒരു ജ്ഞാനശാസ്ത്രമെന്ന രീതിയിൽ തസ്വവ്വുഫിന്റെ വളർച്ചയിലെ വിവിധ ഘട്ടങ്ങളെ പരിഗണിക്കുന്നുമുണ്ട് ഈ കൃതി.

## സൂഫിസം<br>ആധുനിക വ്യവഹാരങ്ങളിൽ

**ഡോ. മുനവ്വർ ഹാനിഫ് ടി.ടി**

₹ 200/-

---




ഷാജഹാൻ ചക്രവർത്തിയുടെ മകൾ ജഹനാരാ ബീഗം രചിച്ച മൂനിസുൽ അർവാഹ് എന്ന പേർഷ്യൻ ഗ്രന്ഥത്തിന്റെ വിവർത്തനം. ഖാജാ മുഈനുദ്ദീൻ ചിശ്തിയുടെ ജീവിതവും ഇടപെടലുകളും കൃത്യമായി വരച്ചുകാട്ടുന്ന അമൂല്യ കൃതി. ഇന്ത്യയിലെ പ്രമുഖ സൂഫിവര്യന്മാരുടെ ആധികാരിക ചരിത്രമെന്ന നിലയിലും ചിശ്തി സിൽസിലയുമായി ചേർന്നുനിന്ന മുഗൾ രാജകുമാരിയുടെ രചന എന്ന നിലയിലും പ്രസക്തമായ ഗ്രന്ഥം. സൂഫിസം, രാഷ്ട്രതന്ത്രം, വ്യാപാരം, എഴുത്ത്, ഡിസൈനിംഗ് തുടങ്ങി വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഗ്രന്ഥകാരിയെക്കുറിച്ച് അക്കാദമികനും ചരിത്രകാരനുമായ വിവർത്തകന്റെ ഗഹനമായ പഠനം, വിശദമായ കുറിപ്പുകൾ.

## ആത്മാക്കളുടെ തോഴൻ<br>(മൂനിസുൽ അർവാഹ്)

ജഹനാരാ ബീഗം

**വിവ: മുഹമ്മദ് ഷമീർ**

₹ 80/-

---




മൗലാനാ ജലാലുദ്ദീൻ റൂമിയുടെ ഗുരു ശംസ് തീബ്‌രീസിയെക്കുറിച്ച് മലയാളത്തിലെ ആദ്യത്തെ രചന. ഗുരുവോ ദേശമോ രാജ്യമോ ഇല്ലാത്ത യഥാർഥ സൂഫിയുടെ കഥ. ഇശ്ഖിന്റെ പൊരുൾ തേടിയലഞ്ഞ അവധൂതന്റെ അമൂല്യ ദർശനങ്ങൾ. കാഴ്ചക്കപ്പുറത്ത് ആലോചനകളിലേക്ക് തുറന്നുവച്ച ദൃഷ്ടാന്തകഥകൾ. ശംസ് തബ്‌രീസിയുടെ 'മഖാലാത്' അടിസ്ഥാനമാക്കി അദ്ദേഹത്തെ വായിക്കാനുള്ള എളിയ ശ്രമം. ശംസ് തബ്‌രീസിയുടെ 'മഖാലാത്' അടിസ്ഥാനമാക്കി അദ്ദേഹത്തെ വായിക്കാനുള്ള എളിയ ശ്രമം.

## ശംസ് തബ്‌രീസി: പ്രണയത്തിന്റെ<br>പ്രമാണങ്ങൾ

അബ്ദുൽ ഗഫൂർ കൊമ്പങ്കല്ല്

₹ 120/-




പ്രവാചക ജീവിതത്തിന്റെ അനശ്വര നിമിഷങ്ങൾ 365 അധ്യായങ്ങളിലായി മനോഹരമായി ആവിഷ്കരിക്കുന്ന ബൃഹദ് ഗ്രന്ഥം. പ്രമുഖ ടർക്കിഷ് എഴുത്തുകാരി നൂർദാൻ ദംലയുടെ 365 days with Prophet Muhammed എന്ന ബാലസാഹിത്യ പുസ്തകത്തിന്റെ മലയാള വിവർത്തനം. ഫാത്വിമ, അലി, ഹസൻ, ഹുസൈൻ, അനസ്, സൈദ്, ഉസാമ, അബ്ദുല്ല ബ്ൻ സുബൈർ തുടങ്ങി തിരുജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ അവിടുത്തെ കൂടെയുണ്ടായിരുന്ന കുട്ടികളോട് പ്രവാചകർ അനുവർത്തിച്ച പെരുമാറ്റവും അവർക്ക് നൽകിയിരുന്ന ഉപദേശ നിർദേശങ്ങളും പ്രത്യേകം അവതരിപ്പിക്കുന്നുണ്ടിതിൽ. തിരുനബി കാണിച്ചുതന്ന വഴിയിൽ ജീവിതം ചിട്ടപ്പെടുത്തുന്നതിന് മക്കൾക്ക് സമ്മാനിക്കാവുന്ന മികച്ചൊരു സമ്മാനമാവും ഈ പുസ്തകം.

## മുത്തുനബിയോടൊപ്പം 365 ദിനങ്ങൾ

നൂർദാൻ ദംല

**വിവ: ശംസീർ അലി ഹുദവി**

PART 1 ₹ 400/- PART 2 ₹ 400/-

---




‘ശ്രവണ മാധുര്യവും ലളിതമായ വ്യാകരണ നിയമങ്ങളുമാണ് ഉർദു ഭാഷയുടെ പ്രധാന പ്രത്യേകതകൾ. പല കാരണങ്ങളാൽ ഭാഷാപഠിതാക്കളുടെ എണ്ണം വർധിച്ചുവരുമ്പോഴും ഉർദു വ്യാകരണം സമ്പൂർണമായി ചർച്ച ചെയ്യുന്ന പുസ്തകങ്ങൾ മലയാളത്തിൽ തുലോം വിരളമാണ്. ആ കുറവ് നികത്താൻ ഏറെക്കുറെ പര്യാപ്തമാണ് ഈ പുസ്തകം.’

**-എസ്. എം സർവർ**

## ഉർദു സമ്പൂർണ വ്യാകരണം

**ഹൈദ്രോസ് പുവ്വക്കുർശി, മൂർക്കനാട്**
**ഹമീദ് കുട്ടപ്പുലാവിൽ, വളപുരം**

₹ 420/-




സ്രഷ്ടാവിന്റെ സാമീപ്യമാഗ്രഹിക്കുന്ന സാധകൻ കൈകൊള്ളേണ്ട ജീവിതരീതിയും പരിശീലനങ്ങളും സരളവും വ്യക്തവുമായി പ്രതിപാദിക്കുന്ന കൃതി. ആരാണ് ശൈഖെന്നും മുരീദ് പാലിക്കേണ്ട നിബന്ധനകളെന്തെന്നും പ്രമാണങ്ങളുടെയടിസ്ഥാനത്തിൽ വിശദീകരിക്കുകയാണ് ഇമാം അബ്ദുല്ലാഹ് അൽഹദ്ദാദ്. ഹൃദയാന്തരങ്ങൾ തിന്മകളിൽനിന്ന് സ്ഫുടം ചെയ്ത്, നിരന്തരമായ സ്മരണകളിലൂടെ ദൈവികസാമീപ്യം സാധ്യമാവുന്നതെങ്ങനെയെന്ന് മലയാളക്കരയിൽ ഏറെ പ്രചാരത്തിലുള്ള ഹദ്ദാദ് റാതീബിന്റെ കർത്താവുകൂടിയായ ഗ്രന്ഥകാരൻ വിവരിക്കുന്നു. സൂഫിസം തെറ്റിദ്ധരിക്കപ്പെടുന്ന കാലത്ത് നിർബന്ധമായും വായിച്ചിരിക്കേണ്ട ഒരു ക്ലാസിക്കൽ കൃതിയുടെ സുന്ദരമായ മലയാള വിവർത്തനം.

## സാധകൻ

**ഇമാം അബ്ദുല്ലാഹ് അൽഹദ്ദാദ്**

വിവ: ശമീർ പി. ഹസൻ നഈമി

₹ 75/-

---




ഗഹനമായ ആശയം എന്നതുപോലെ തന്നെ ഒരു വിശിഷ്ട സാഹിത്യകൃതിയുമാണ് അല്ലഫൽ അലിഫ്. നബികീർത്തനത്തിന്റെ പരമപദം കാട്ടിത്തരുന്ന കാവ്യപരിഭാഷ സൂഫീ ജ്ഞാനങ്ങളുടെ അകത്തളത്തിലൂടെയും നബിപ്രണയത്തിന്റെ പ്രവാഹത്തിലൂടെയും അനുവാചകരെ സഞ്ചരിപ്പിക്കുന്നു. കവിത കവിതയായിട്ടുതന്നെ വിവർത്തനം ചെയ്തിരിക്കുന്നുവെന്നത് ഇതിന്റെ സവിശേഷതയാണ്. അദ്ധ്യാത്മിക വിഷയങ്ങളുടെ അപഗ്രഥനം ഇതിന്റെ പുതുമയും.

## അല്ലഫൽ അലിഫ്

### വിവർത്തനവും വ്യാഖ്യാനവും

സി. ഹംസ

₹ 290/-

---




എട്ടു നൂറ്റാണ്ടിനപ്പുറം അങ്ങ് ഈജിപ്തിലെ ബൂസ്വീർ ഗ്രാമത്തിൽ നിന്ന് ഒരു പ്രണയ കവിയുടെ ഹൃദയരക്തത്തിന്റെ ചൂടും വഹിച്ച് പ്രവാഹം തുടങ്ങി ഇങ്ങ് കൈരളിയുടെ മുക്കുമൂലകളിലെല്ലാം പരന്നൊഴുകിയതും പ്രവാചക സ്നേഹത്തിന്റെ താപം വഹിക്കുന്ന സാധാരണ മുസ്‌ലിമിന്റെ പോലും ചുണ്ടിൽ തത്തിക്കളിക്കുന്നതുമായ ഖസ്വീദത്തുൽ ബുർദയുടെ മലയാള കാവ്യമൊഴിമാറ്റവും സാരസമ്പൂർണമായ ആസ്വാദനവും

## ബുർദ

### മലയാളഭാഷ്യവും ആസ്വാദനവും

സി. ഹംസ

₹ 350/-




വർത്തമാനത്തെ ചരിത്രത്തോട് ചേർത്തുവെച്ച് വായിക്കുന്ന യാത്രാവിശേഷങ്ങളുടെ സമാഹാരം. കൊച്ചു യാത്രകൾ പോലും ആസ്വദിക്കുകയും ചെറിയ നാട്ടുപാതയുടെ ഭൂമിശാസ്ത്രം വലിയ കൗതുകത്തോടെ അന്വേഷിക്കുകയും ചെയ്യുന്ന ഒരു സഞ്ചാരി ഗ്രന്ഥകാരനിലുണ്ട്. എത്തിച്ചേർന്ന ഇടങ്ങളിലെ മത സാമൂഹിക ചരിത്രം, രാഷ്ട്രീയ വിദ്യാഭ്യാസ വർത്തമാനം എന്നിവയിലെ സവിശേഷ താൽപര്യമാണ് ഗ്രന്ഥത്തെ പ്രസക്തമാക്കുന്നത്.

## എന്റെ യാത്രകൾ

**ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി**

₹ 100/-

---




